പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 151

30. 6. 2008-ൽ മറുപടിയ്ക്ക്

## മത്സ്യമേഖലയുടെ സമഗ്രവികസനത്തിന് മാസ്റ്റർ പ്ലാൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.എൻ. പ്രതാപൻ<br>ശ്രീ.കെ. സുധാകരൻ<br>ശ്രീ.വർക്കല കഹാർ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി |
| എ) സംസ്ഥാനത്ത് മത്സ്യമേഖലയുടെ സമഗ്രവികസനത്തിനായി നടപ്പിലാക്കാനുദ്ദേശിക്കുന്ന മാസ്റ്റർ പ്ലാനിന് അംഗീകാരം നൽകിയിട്ടുണ്ടോ; | എ) മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ച് സർക്കാർ നിയോഗിച്ച എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച സമീപന രേഖയ്ക്ക് സർക്കാർ അംഗീകാരം നൽകിയും തുടർന്ന് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തേണ്ട പദ്ധതികൾ ആവിഷ്കരിക്കുന്നതിന് സമുദ്ര മത്സ്യ ബന്ധന മേഖലാ, ഉൾനാടൻ മത്സ്യബന്ധനവും, മത്സ്യകൃഷിയും, മത്സ്യസംസ്കരണവും വിപണനവും, മത്സ്യത്തൊഴിലാളി ക്ഷേമം, അടിസ്ഥാനസൗകര്യവികസനം, മത്സ്യമേഖലാഗവേഷണം, ജലപരിഷ്കരണം എന്നീ മേഖലകൾക്കായി ഏഴു കർമ്മ സമിതികളെ ചുമതലപ്പെടുത്തിയും സർക്കാർ ഉത്തരവായി. ഇതിൽ ആറു കർമ്മ സമിതികൾ അന്തിമ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചു. |
| ബി) ഈ മാസ്റ്റർ പ്ലാൻ അംഗീകരിക്കുന്നതിനു മുമ്പ് ഏതൊക്കെ ശാസ്ത്രജ്ഞൻമാർ, സാമ്പത്തിക വിദഗ്ദ്ധൻമാർ എന്നിവരുമായി ചർച്ച നടത്തിയിരുന്നു; | ബി) വിദഗ്ദ്ധ സമിതികൾ തയ്യാറാക്കി സമർപ്പിച്ച വിവിധമേഖലകൾക്കായുള്ള വികസന നിർദ്ദേശങ്ങൾ മത്സ്യമേഖലയിലെ വിവിധ ശാസ്ത്രജ്ഞൻമാർ, യൂണിവേഴ്സിറ്റികളിലെ പ്രൊഫസർമാർ, ട്രേഡ് യൂണിയൻ പ്രതിനിധികൾ, കർമ്മ സമിതി അംഗങ്ങൾ, കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുള്ള ശാസ്ത്രജ്ഞൻമാർ,എൻ.ജി.ഒ പ്രതിനിധികൾ,മത്സ്യമേഖലയിലെ സീനിയർ ഉദ്യോഗസ്ഥർ, എൻ.ഐ.ആർ.ഡി യിലെ വിദഗ്ദ്ധർ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ട് രണ്ടു ദിവസത്തെ ശില്പശാല 2008 ഏപ്രിൽ 25,26 തീയതികളിൽ കൊച്ചിയിൽ നടത്തുകയും, കർമ്മ സമിതികൾ മുന്നോട്ടു വെച്ച വികസന നിർദ്ദേശങ്ങൾ പ്രോജക്ടുകളായി മാറ്റുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുകയും നിർദ്ദേശങ്ങൾ ക്രോഡീകരിക്കുകയും ചെയ്തു. സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാനായ പ്രഭാത് പട്നായിക്, ധനകാര്യ മന്ത്രി ഡോ.തോമസ് ഐസക്, മുൻ എഫ്.എ.ഒ ശാസ്ത്രജ്ഞനായ ഡോ.എൻ.എം.കുട്ടി, കേന്ദ്ര സർക്കാരിന്റെ ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ ഉപദേഷ്ടാവായിരുന്ന ഡോ.വി.രവീന്ദ്രൻ,ഡോ.മോഹനകുമാരൻനായർ, ഫിഷറീസ് കോളേജിലെ ഡീൻ ഡോ.നമ്പൂതിരി,ഡോ.കെ.കെ.അപ്പുകുട്ടൻ, ഡോ.ലക്ഷ്മണൻ,ഡോ.സുരേന്ദ്രൻ, ഡോ.കെ.വി.തോമസ് തുടങ്ങിയവർക്ക് പുറമേ ഫിഷറീസ് മന്ത്രിയുടെ ഉപദേഷ്ടാവായ ഡോ.മധുസൂദനക്കുറുപ്പ്, എൻ.ഐ.ആർ.ഡി യിലെ സാമ്പത്തിക വിദഗ്ദ്ധരായ ഡോ.ജേക്കബ് ജോർജ്ജ്, പ്രൊഫ.രാജാകുട്ടി, പ്രൊഫ. കെ.ജെ.കുര്യൻ, ഡോ.ജെ.ചാത്തുക്കുളം എന്നിവരും വി.ദിനകരൻ, വി.വി.ശശീന്ദ്രൻ,മേഴ്സികുട്ടിഅമ്മ, എ.കെ.ബാവ, ചാൾസ് ജോർജ്ജ് തുടങ്ങിയ ട്രേഡ് യൂണിയൻ പ്രതിനിധികളും പങ്കെടുത്തു. |
| സി) ഈ മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനായി എന്തൊക്കെ വിദഗ്ദ്ധാഭിപ്രായങ്ങളാണ് ഇവരുടെ ഭാഗത്തുനിന്നുമുണ്ടായത്; | സി) മത്സ്യമേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി വിവിധ കർമ്മ സമിതികൾ മുന്നോട്ടു വച്ച വികസന നിർദ്ദേശങ്ങളോട് പൊതുവെ യോജിപ്പ് പ്രകടിപ്പിക്കുകയും സമഗ്രമായ കാഴ്ചപ്പാടോടെ വ്യക്തമായ റിസൽട്ട് മുന്നിൽ കണ്ടുകൊണ്ട് മാസ്റ്റർപ്ലാൻ തയ്യാറാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. വിഭവ ശോഷണം |

തടയുന്നതിന് ഓപ്പൺ അക്സസിന് പകരം മീൻ പിടിക്കാനുള്ള അവകാശം മത്സ്യത്തൊഴിലാളികൾക്കു മാത്രമായി നിജപ്പെടുത്തുന്ന അക്വേറിയൻ റിഫോംസ് കൊണ്ടുവരണമെന്നും മത്സ്യ സംസ്കരണ രംഗത്ത് മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വികസനത്തിന് മുൻഗണന നല്കണമെന്നും, അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക ഏജൻസി സ്ഥാപിക്കണമെന്നും, കേരളത്തിൽ ഫിഷറീസ് ഓഷ്യൻ സയൻസ് യൂണിവേഴ്സിറ്റി സ്ഥാപിക്കണമെന്നും, ജൈവമത്സ്യകൃഷിക്ക് പ്രോത്സാഹനം നല്കണമെന്നും, ഫിഷിംഗ് ഹാർബറുകളും മത്സ്യമാർക്കറ്റുകളും നവീകരിക്കണമെന്നും, കടൽ സുരക്ഷ സംവിധാനങ്ങൾ ശക്തിപ്പെടുത്തണമെന്നും തുടങ്ങി നിരവധി നിർദ്ദേശങ്ങളുണ്ടായി.

ഡി) ഈ മാസ്റ്റർ പ്ലാൻ അനുസരിച്ച് പ്രധാനമായും മത്സ്യമേഖലയിൽ എന്തൊക്കെ പദ്ധതികൾ ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്;

ഡി) 3000 കോടി രൂപയുടെ സമഗ്ര തീരദേശ വികസന പദ്ധതി തയ്യാറാക്കുന്നതിന് സർക്കാർ ചുമതലപ്പെടുത്തിയ എൻ.ഐ.ആർ.ഡി ക്ക് ഈ വികസന നിർദ്ദേശങ്ങൾ കൈമാറുകയും ഈ നിർദ്ദേശങ്ങൾ കൂടി സമഗ്ര തീരദേശ വികസന പരിപാടിക്കുള്ള പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ഉൾനാടൻ മേഖലയിൽ മത്സ്യോല്പാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് 10,000 ഹെക്ടർ പ്രദേശങ്ങളിലേക്ക് മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് മത്സ്യകേരളം പദ്ധതിക്ക് ക്യാബിനറ്റ് അംഗീകാരം നല്കി കഴിഞ്ഞു. 71.15 കോടി രൂപയാണ് ഈ പദ്ധതിയുടെ മൊത്തം അടങ്കൽ.

കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യബന്ധനോപകരണങ്ങൾക്ക് നഷ്ടപരിഹാരം നല്കുന്നതിന് മത്സ്യസുരക്ഷ എന്ന പേരിലുള്ള ഇൻഷുറൻസ് പദ്ധതി.

മത്സ്യത്തൊഴിലാളികളുടെ കടൽ സുരക്ഷ ഉറപ്പാക്കുന്നതിന് സുരക്ഷാ ബീക്കൺ ഉൾപ്പെടെയുള്ള സുരക്ഷാ കിറ്റുകളുടെ വിതരണം ഇടനിലക്കാരുടെ ചൂഷണം അവസാനിപ്പിക്കുന്നതിന് 40,000 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് പലിശരഹിത വായ്പ.

ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിന് അനുഗുണമാകുന്ന വിധത്തിൽ കേരളത്തിന് മൊത്തത്തിൽ ബാധകമായ ഏകീകൃത ഉൾനാടൻ മത്സ്യവികസന ബിൽ, മത്സ്യമേഖലയിൽ ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കാൻ പര്യാപ്തമായ ജലപരിഷ്കരണ ബിൽ. തീരദേശ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് തീരദേശ വികസന കോർപ്പറേഷൻ

ഇ) ഈ പദ്ധതി എന്നു മുതൽ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ഇ) പദ്ധതി പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. അടുത്ത 5 വർഷം കൊണ്ട് പദ്ധതി നിർവ്വഹണം പൂർത്തീകരിക്കാനാണ് ലക്ഷ്യം വെക്കുന്നത്.

എഫ്) ഇതിന്റെ ഭാഗമായി കർമ്മസമിതികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കർമ്മസമിതികളാണ് രൂപീകൃതമായതെന്നും അവയുടെ പ്രവർത്തനമേഖല എന്തൊക്കെയായിരിക്കുമെന്നും വ്യക്തമാക്കുമോ?

എഫ്) മാസ്റ്റർ പ്ലാനിന്റെ സമീപന രേഖയനുസരിച്ച് പദ്ധതികൾ രൂപകല്പന ചെയ്യുന്നതിലേക്ക് താഴെപ്പറയുന്ന ഏഴു വിദഗ്ദ്ധ കർമ്മ സമിതികളെ സർക്കാർ നിയോഗിച്ചിട്ടുണ്ട്.

1. സമുദ്ര മത്സ്യബന്ധന മേഖല
2. ഉൾനാടൻ മത്സ്യബന്ധനവും മത്സ്യകൃഷിയും
3. മത്സ്യസംസ്കരണ വിപണന മേഖല
4. മത്സ്യത്തൊഴിലാളി ക്ഷേമം
5. അടിസ്ഥാന സൗകര്യ മേഖല
6. മത്സ്യഗവേഷണം
7. ജലപരിഷ്കരണനിയമങ്ങൾ

കർമ്മസമിതികളുടെ പ്രവർത്തനമേഖല അനുബന്ധമായി ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കർമ്മസമിതികളുടെ (Task Forces) പ്രവർത്തന മേഖല

1 സമുദ്ര മത്സ്യബന്ധന മേഖല:- തീരക്കടലിലെ മിക്കവാറും എല്ലാ ഇനം മത്സ്യങ്ങളും ഏതാണ്ട് പരമാവധി ചൂഷണ പരിധിയോടടുത്ത് എത്തിയിരിക്കുന്നു. തീരക്കടലിലെ വാണിജ്യ പ്രാധാന്യമുള്ള മത്സ്യസമ്പത്തിന്റെ അമിത ചൂഷണം കുറയ്ക്കുന്നതിനും സുസ്ഥിര മത്സ്യബന്ധനം ഉറപ്പാക്കുന്നതിനും ആഴക്കടൽ മത്സ്യബന്ധനത്തിന് ഉപകരിക്കുന്ന പദ്ധതികൾ, പരമ്പരാഗത മേഖലയിലെ ചെലവ് കുറയ്ക്കുന്നതിനായി യോജിച്ച ഊർജ്ജ സ്രോതസ്സുകൾ, എഞ്ചിനുകൾ എന്നിവയ്ക്കുള്ള പദ്ധതികൾ, ഉപഗ്രഹാധിഷ്ഠിത സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികൾ, വാണിജ്യ പ്രാധാന്യമില്ലാത്തതിനാൽ ഇപ്പോൾ പുറന്തള്ളപ്പെടുന്ന ചെറുമത്സ്യങ്ങളെ പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾ എന്നിവ ആവിഷ്ക്കരിക്കുക എന്നിവയാണ് പ്രധാന ചുമതലകൾ.

2. ഉൾനാടൻ മത്സ്യബന്ധനം, മത്സ്യകൃഷി:- ഉൾനാടൻ മത്സ്യസമ്പത്തിന്റെ ഉല്പാദനം നിലവിലുള്ള 75000 ടണ്ണിൽ നിന്ന് അടുത്ത പത്ത് വർഷത്തിനുള്ളിൽ 2 ലക്ഷം ടൺ ആക്കി വർദ്ധിപ്പിക്കുന്നതിനും ജലകൃഷിയിൽ വൈവിധ്യവൽക്കരണം നടപ്പാക്കുന്നതിനും പാരമ്പര്യേതര ജലകൃഷി രീതികളായ സംയോജിത മത്സ്യകൃഷി, ജൈവമത്സ്യകൃഷി, കേജ്/പെൻകൾച്ചർ എന്നിവ വ്യാപിപ്പിക്കുന്നതിനും അലങ്കാര മത്സ്യങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാനാണ് ഈ സമിതി ശുപാർശ ചെയ്യപ്പെട്ടത്.

3. മത്സ്യ സംസ്ക്കരണ മേഖല:- വിലകുറഞ്ഞ മത്സ്യങ്ങളെ ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുക, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് ഗുണമേൻമ ഉറപ്പുവരുത്തുന്നതിന് സർട്ടിഫിക്കേഷൻ ഏർപ്പെടുത്തുക. മത്സ്യബന്ധനം കഴിഞ്ഞാലുടൻ മത്സ്യങ്ങളെ തരംതിരിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ മത്സ്യയാനങ്ങളിൽ തന്നെ ഏർപ്പെടുത്തുക, മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകുക എന്നീ പ്രധാന നിർദ്ദേശങ്ങളാണ് ഈ സമിതിക്കായി ശുപാർശ ചെയ്യപ്പെട്ടത്.

4. മാനവശേഷി വികസന മേഖല:- മത്സ്യമേഖലയിലെ നൂതന ശാസ്ത്ര സാങ്കേതിക വിദ്യകളിലും പരിപാലനത്തിലും മത്സ്യത്തൊഴിലാളികൾ, മത്സ്യകർഷകർ, ഉദ്യോഗസ്ഥർ, സഹകാരികൾ, ധനകാര്യ സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവർക്കുള്ള പരിശീലന പരിപാടികൾ ആവിഷ്ക്കരിക്കുക, ഉത്തരവാദിത്ത മത്സ്യബന്ധന പെരുമാറ്റ ചട്ടങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക, പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ചൂര മത്സ്യം പിടിക്കാൻ പ്രാപ്തരാക്കുവാൻ വേണ്ടിയുള്ള പരിശീലന പരിപാടികൾ ആവിഷ്ക്കരിക്കുക എന്നീ പ്രധാന ലക്ഷ്യങ്ങളാണ് ഈ സമിതിയുമായി ബന്ധപ്പെട്ട് സമീപന രേഖയിൽ ഉൾക്കൊള്ളിച്ചിരുന്നത്.

5. അടിസ്ഥാന സൗകര്യമേഖല:- കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അടുത്ത 10 വർഷത്തിനുള്ളിൽ ഓരോ ശാസ്ത്രീയ മാതൃകാ മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ, മത്സ്യത്തൊഴിലാളികളുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നതിനായി മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സ്വാശ്രയ സഹകരണ സംഘങ്ങൾ വഴി മത്സ്യബൂത്ത്, സീ ഫുഡ് കിച്ചൻ, ഡ്രൈഡ് ഫിഷ് യൂണിറ്റ്, മത്സ്യ മൊബൈൽ യൂണിറ്റ്, കക്ക/ചിപ്പി/കല്ലുമ്മേക്കായ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ, പ്രധാന ഫിഷിംഗ് ഹാർബറുകളിൽ അന്തർദേശീയ നിലവാരം ഉറപ്പുവരുത്തുന്നതിനായി മുനമ്പം മാതൃകയിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിക്കുന്നതിനുള്ള പദ്ധതികൾ, മത്സ്യത്തൊഴിലാളി കുടുംബങ്ങളെ കടലാക്രമണ ഭീഷണിയിൽ നിന്നും സ്ഥായിയായി രക്ഷിക്കാൻ വേണ്ടിയുള്ള പദ്ധതികൾ, മറ്റു തീര

സംരക്ഷണ പദ്ധതികൾ എന്നീ കാര്യങ്ങളാണ് സമീപന രേഖയിൽ ഈ സമിതിക്കായി ശുപാർശ ചെയ്യപ്പെട്ടത്.

6. മത്സ്യമേഖല അഡ്മിനിസ്ട്രേഷൻ:- മത്സ്യമേഖലയിലെ പ്രശ്നങ്ങൾ പ്രദേശികമായി അപഗ്രഥിക്കുന്നതിനും പരിഹരിക്കുന്നതിനും വികസന പദ്ധതികൾ ആവിഷ്കരിക്കുക. പഞ്ചായത്ത്/ജില്ല/സംസ്ഥാന തലങ്ങളിൽ ഫിഷറീസ് അഡൈ്വസറി കമ്മിറ്റികൾ രൂപീകരിക്കുക, ഉപഭോക്താവിന് ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ, വംശനാശം നേരിടുന്ന മത്സ്യങ്ങളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ, വിവരസാങ്കേതിക വിദ്യയിലും ഗതാഗത-വിനിമയ രംഗങ്ങളിലും പ്രാഥമിക സൗകര്യങ്ങളുടെ ലഭ്യതയിലും നാഗരിക സൗകര്യങ്ങൾ തീരദേശ മേഖലയിൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ, മത്സ്യവകുപ്പിന്റെ സാങ്കേതിക പുനരുദ്ധാരണം, ആധുനികവൽക്കരണം, മത്സ്യമേഖലയിലെ വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള പദ്ധതി, മത്സ്യ സമ്പത്തിന്റെ സംരക്ഷണം ഉറപ്പാക്കാനുള്ള പദ്ധതി എന്നിവയാണ് പ്രധാനമായും ശുപാർശ ചെയ്യപ്പെട്ടത്.
7. മത്സ്യമേഖല നിയമങ്ങൾ:- സെസ്സ് ആക്ട് നടപ്പാക്കുക, മത്സ്യബന്ധന യാനങ്ങൾക്ക് രജിസ്ട്രേഷൻ മത്സ്യബന്ധന ലൈസൻസ് നടപ്പാക്കുക. കെ.എം.എഫ്.ആർ ആക്ടിൽ കാലോചിതവും സന്ദർഭോചിതവുമായ മാറ്റങ്ങൾ വരുത്തുക. ഏകീകൃത ഉൾനാടൻ ഫിഷറീസ് നിയമം കൊണ്ടുവരിക. മത്സ്യബന്ധനോപാധികളുടെ ഉടമസ്ഥാവകാശവും മത്സ്യത്തിന്റെ ആദ്യ വില്പനക്കുള്ള അവകാശവും മത്സ്യത്തൊഴിലാളികൾക്കു മാത്രം ഉറപ്പുവരുത്തുക, ജലമലിനീകരണം തടയുക, ജല ഉപഭോഗനിയമം ആവിഷ്കരിക്കുക തുടങ്ങിയവയാണ് സമീപന രേഖയിൽ ശുപാർശ ചെയ്യപ്പെട്ടത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 152

30.6.2008-ൽ
മറുപടിക്ക്

## പുതിയ റേഷൻ കാർഡ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.ടി. ജലീൽ<br>" സാജു പോൾ<br>ശ്രീമതി . കെ.കെ. ലതിക<br>ശ്രീ. എ.എം. യൂസഫ്<br>" എസ്. രാജേന്ദ്രൻ | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) പുതിയ റേഷൻ കാർഡ് വിതരണത്തിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; | (എ) പുതിയ റേഷൻ കാർഡ് വിതരണവുമായി ബന്ധപ്പെട്ട് ഗൃഹനാഥന്റെ ഫോട്ടോ എടുക്കുന്ന ജോലിയും റേഷൻ കാർഡിന്റെ വിവരങ്ങൾ ഡേറ്റാബേസായി കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്ന ജോലിയും ഇന്നർ ഷീറ്റുകളുടെ അച്ചടിയും പൂർത്തിയായിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് എ.പി.എൽ/ബി.പി.എൽ ഗുണഭോക്താക്കളുടെ അംഗീകരിച്ച ലിസ്റ്റ് ലഭിച്ചാലുടൻതന്നെ പുതിയ റേഷൻ കാർഡുകളുടെ വിതരണം ആരംഭിക്കുന്നതാണ്. |
| (ബി) കാർഡ് വിതരണം ചെയ്യുന്നതിൽ കാലതാമസമുണ്ടാകുന്നതിനുള്ള കാരണം എന്താണ്; | (ബി) തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്ന് എ.പി.എൽ/ ബി.പി.എൽ ഗുണഭോക്താക്കളെ സർവ്വേ നടത്തി കണ്ടെത്തി അംഗീകരിച്ച ലിസ്റ്റ് ലഭിക്കാത്തത് മൂലമാണ് റേഷൻ കാർഡ് വിതരണം നടത്താൻ കാലതാമസമുണ്ടാകുന്നത്. |
| (സി) സംസ്ഥാനത്തൊട്ടാകെ എത്ര റേഷൻ കാർഡുകളാണ് വിതരണം ചെയ്യുന്നുള്ളത്; | (സി) നിലവിൽ 70.25 ലക്ഷം റേഷൻ കാർഡുകളാണ് ഉള്ളത്. ടി കാർഡ് പുതുക്കുന്നതുമായി ബന്ധപ്പെട്ട 68 ലക്ഷം കാർഡുടമകൾ ഫോട്ടോ എടുക്കുന്നതിന് ഹാജരാകുകയുണ്ടായി. പ്രസ്തുത 68 ലക്ഷം കാർഡുകളാണ് ഇപ്പോൾ വിതരണം ചെയ്യുന്നുള്ളത്. |

GOVERNMENT OF KERALA

| | |
| --- | --- |
| (ഡി) പുതിയ കാർഡ് വിതരണം ചെയ്യുന്നതു മൂലം പഴയ കാർഡിൽ മേൽവിലാസം മാറ്റുന്നതിനും മറ്റ് തിരുത്തലുകൾ വരുത്തുന്നതിനും കഴിയുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് റേഷൻ കാർഡിലെ വിവരങ്ങൾ കെൽട്രോൺ കമ്പ്യൂട്ടറിൽ ഡേറ്റാ എൻട്രി നടത്തിയിട്ടുണ്ട്. പഴയ കാർഡിലെ തിരുത്തലുകൾ, പേര് വെട്ടിക്കുറച്ച് പുതിയ കാർഡ് നൽകൽ തുടങ്ങിയ ജോലികൾ ചെയ്യുന്നതുമൂലം റേഷൻ കാർഡിന്റെ കമ്പ്യൂട്ടറിൽ സൂക്ഷിച്ചിട്ടുള്ള ഡാറ്റയിൽ വ്യത്യാസം വരുന്നതും ഇതു ഡ്യൂപ്ലിക്കേഷന് കാരണമാകാവുന്നതുമാണ്. എന്നാൽ അത്യാവശ്യ സമയങ്ങളിൽ മേൽപറഞ്ഞ കാര്യങ്ങളും പുതിയ കാർഡും നൽകാറുണ്ട്. യാതൊരു കാർഡിലും പേര് ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് പുതിയ റേഷൻ കാർഡ് നൽകി വരുന്നുണ്ട്. |
| (ഇ) കാർഡ് വിതരണം നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ? | തദ്ദേശ സ്വയം ഭരണവകുപ്പിൽ നിന്നും എ.പി.എൽ/ബി.പി.എൽ ഗുണഭോക്താക്കളുടെ തരം തിരിച്ച ലിസ്റ്റ് ലഭിച്ചാലുടൻ പുതിയ റേഷൻ കാർഡുകൾ വിതരണം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 153 | 30-06-2008-ൽ മറുപടിക്ക്

## ഭരണ പരിഷ്ക്കാര കമ്മീഷൻ ശുപാർശകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ശക്തൻ<br>ശ്രീ. കെ.സി.വേണുഗോപാൽ | | ശ്രീ. വി.എസ്.അച്യുതാനന്ദൻ,<br>(മുഖ്യമന്ത്രി) | |
| എ) | ഭരണ പരിഷ്ക്കാര കമ്മീഷൻ ശുപാർശകൾ സമയ ബന്ധിതമായി നടപ്പാക്കുന്നതിന് ഒരു മോണിറ്ററിംഗ് കമ്മിറ്റിയെ നിയമിക്കാൻ ഉദ്ദേശമുണ്ടോ; | എ) | ഇത്തരത്തിലൊരു കമ്മിറ്റിയെ നിയമിക്കുന്നകാര്യം പരിഗണനയിലില്ല. |
| ബി) | പ്രസ്തുത കമ്മിറ്റി എന്നേക്ക് രൂപീകരിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ? | ബി) | ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 154

30-6-2008 ൽ
മറുപടിയ്ക്ക്

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആന്റ് ടെക്നോളജി.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.ടി.എ. റഹീം എം.എൽ.എ.<br>ശ്രീമതി. ജെ. അരുന്ധതി എം.എൽ.എ.<br>ശ്രീ.ആർ. സെൽവരാജ് എം.എൽ.എ.<br>ശ്രീ. ബി. രാഘവൻ എം.എൽ.എ.<br>ശ്രീ. വി.എൻ. വാസവൻ എം.എൽ.എ | ശ്രീ. വി. എസ്.അച്യുതാനന്ദൻ<br>(ബഹു. മുഖ്യമന്ത്രി) |
| (എ) ഐ.എസ്.ആർ.ഒ യുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആന്റ് ടെക്നോളജി, തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | (എ) ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഇൻസ്റ്റിറ്റ്യൂട്ടിന് സർക്കാർ സൗജന്യമായി ഭൂമി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ബി) ഉണ്ട്. നെടുമങ്ങാട് താലൂക്കിലെ പൊൻമുടി അപ്പർസാനിട്ടോറിയത്തിൽ 20 ഏക്കർ സ്ഥലം നൽകുകയും കരിപ്പൂർ വില്ലേജിലെ വലിയമലയിൽ 18.3945 ഹെക്ടർ സ്ഥലം IIST ക്ക് നൽകാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം മൂലം സംസ്ഥാനത്തിന് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; | (സി) ലോകോത്തര നിലവാരത്തിൽ സ്ഥാപിതമാകുന്ന IIST സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക പ്രവർത്തനങ്ങളുടെ വളർച്ചയ്ക്ക് വളരെയധികം സഹായകരമാണ്. സംസ്ഥാനത്തെ പ്രമുഖ വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളുമായി ആശയവിനിമയത്തിനും അതിലൂടെ ശാസ്ത്രീയ അവബോധം സൃഷ്ടിക്കുന്നതിനും സഹായിക്കും. |
| (ഡി) കേന്ദ്ര സർക്കാരിന്റെ കൂടുതൽ ശാസ്ത്ര സാങ്കേതിക പഠന കേന്ദ്രങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിന് സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ? | (ഡി) ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ -- എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.155. 30.6.2008- ൽ മറുപടിയ്ക്ക്

## തീരദേശമേഖലയിലെ പുതിയ തൊഴിൽ സംരംഭങ്ങൾ

**ചോദ്യം** | **മറുപടി**

ശ്രീ. ടി.പി.കുഞ്ഞുണ്ണി :
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ :
ശ്രീമതി. പി.അയിഷാപോറ്റി :
ശ്രീമതി.കെ.എസ്.സലീഖ :
ശ്രീ.ജോർജ് എം. തോമസ് :

ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) തീരദേശ മേഖലയിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സ്ത്രീകൾക്ക് സഹായങ്ങൾ നൽകുന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) ഉണ്ട്.<br>തീരദേശമേഖലയിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സ്ത്രീകൾക്ക് സഹായം നൽകുന്ന താഴെപറയുന്ന പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്:<br>1. സ്വർണ്ണ ജയന്തി ഗ്രാമ സ്വരോസ്ഗാർ യോജനയിൽ ഉൾപ്പെടുത്തി മത്സ്യമേഖലയ്ക്കു അനുവദിച്ച പ്രത്യേക പദ്ധതിയിൽ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന മൂല്യവർദ്ധിത മത്സ്യഉല്പന്നങ്ങളുടെ ഉൽപ്പാദന വിപണന പദ്ധതി.<br>2. മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണസംഘങ്ങളിൽ ചേർന്നു പ്രവർത്തിക്കുന്ന സ്ത്രീകളുടെ സ്വയംസഹായ ഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ദേശീയ പിന്നോക്ക വിഭാഗ ധനകാര്യകോർപ്പറേഷൻ |

| | |
|---|---|
| | (എൻ.ബി.സി.എഫ്.ഡി.സി) ദേശീയ ന്യൂനപക്ഷ വിഭാഗവികസന ധനകാര്യകോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ കേന്ദ്ര ഏജൻസികളുടെ ധനസഹായത്തോടെ മൈക്രോ ഫിനാൻസ് വായ്പാ പദ്ധതി.<br>3. സുനാമി അടിയന്തിര സഹായ പദ്ധതിയിലും (ടീപ്പ്), സുനാമി പുനരധിവാസ പദ്ധതിയിലും (ടി. ആർ.പി) ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന ഫിഷ് കിയോസ്ക് , മത്സ്യവിപണനത്തിന് വാഹനസൗകര്യം, സീഫുഡ് കിച്ചൺ, വർക്കിംഗ് ക്യാപ്പിറ്റൽ ഫോർ റിവോൾവിംഗ് ഫണ്ട് തുടങ്ങിയവ.<br>4. സുനാമി അടിയന്തിര സഹായ പദ്ധതി, സുനാമി പുനരധിവാസ പദ്ധതി എന്നീ പദ്ധതികൾ വഴി സ്ത്രീകൾക്ക് തീരദേശ മേഖലയിൽ പുതിയ തൊഴിൽ സംരംഭങ്ങൾ.<br>5. സ്ത്രീകളുടെ ശാക്തീകരണത്തിന് ഫിഷറീസ് വകുപ്പിന്റെ കീഴിൽ 'സാഫ്' (സൊസൈറ്റി ഫോർ അസിസ്റ്റൻസ് റ്റു ഫിഷർ വുമൺ) വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. |
| (ബി) ഇതിനകം എത്ര പേർക്ക് സഹായം നൽകിയിട്ടുണ്ട് ; | (ബി)<br>1) മൈക്രോ സംരംഭ പദ്ധതിപ്രകാരം സാഫ് മുഖേന 390 ഗുണഭോക്തൃ യൂണിറ്റുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. |

| | |
|---|---|
| | 400 ഗുണഭോക്തൃ യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>2) സ്വർണ്ണജയന്തി ഗ്രാമസ്വരോസ്ഗാർ യോജന (എസ്.ജി.എസ്.വൈ) പദ്ധതിയിൽ 652 സ്ത്രീകൾക്ക് സഹായം നൽകിയിട്ടുണ്ട്.<br>3) സുനാമി അടിയന്തിര സഹായ പദ്ധതിയിലും സുനാമി പുനരധിവാസ പദ്ധതിയിലും ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന മത്സ്യവിപണനത്തിന് വാഹനസൗകര്യം പദ്ധതിയുടെ 300 യൂണിറ്റുകൾവഴി മത്സ്യവിപണനത്തിലേർപ്പെട്ടിരിക്കുന്ന 1800 വനിതകൾക്ക് ആനുകൂല്യം നൽകുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 168 യൂണിറ്റുകളിലായി 1008 വനിതകൾക്ക് ആനുകൂല്യം നൽകി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ടിപ്പ്/ടി.ആർ.പി. പദ്ധതികൾ മുഖേന ഏകദേശം 20000 വനിതകൾ ഈ പദ്ധതിപ്രകാരം ഗുണഭോക്താക്കളായിട്ടുണ്ട്. |
| (സി) തൊഴിൽ സംരംഭകർക്ക് പരിശീലനവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിന് സംവിധാനമുണ്ടോ ; | (സി) തൊഴിൽ സംരംഭകർക്ക് പരിശീലനവും മാർഗ്ഗ നിർദ്ദേശങ്ങളും നൽകുന്നതിന് സംവിധാനമുണ്ട്. |
| (ഡി) തൊഴിൽ സംരംഭകരെ ഏകോപിപ്പിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാ | (ഡി) 18-11-2006 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 511/06/മ.തു.വ. |

| | |
|---|---|
| ഷുമോ ? | പ്രകാരം ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

**Section Officer**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നമ്പർ : 156.**

30..6..2008-ൽ മറുപടിക്ക്

## തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ എം.എൽ.എ.
ശ്രീ. പി കൃഷ്ണപ്രസാദ് എം.എൽ.എ.
ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി എം.എൽ.എ.
ശ്രീ. കെ.സി. കുഞ്ഞിരാമൻ എം എൽ.എ.

(എ) തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

**ഉത്തരം**

ശ്രീ. സി. ദിവാകരൻ.
(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി)

(എ) തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിനായി ക്ഷീര വികസന വകുപ്പിൽ നിന്നും കർഷകർക്ക് ആവശ്യമായ നടീൽ വസ്തുക്കൾ സൗജന്യമായി നൽകുകയും, കൃഷി ചെലവുകൾക്ക് സബ്സിഡി നൽകുകയും ചെയ്യുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ മറ്റ് സ്ഥാപനങ്ങളിൽ തരിശായി കിടക്കുന്ന ഭൂമിയുൾപ്പെടെയുള്ള ലഭ്യമായ സ്ഥലത്ത് തീറ്റപ്പുൽ കൃഷി ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി സ്പ്രിംഗർ ഇറിഗേഷൻ സിസ്റ്റം സ്ഥാപിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ വർഷത്തിൽ രണ്ട് പ്രാവശ്യം ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങൾ വഴി തീറ്റപ്പുൽ വിത്ത് സൗജന്യമായി വിതരണം നടത്തിവരുന്നു. കെ.എൽ.ഡി. ബോർഡും തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(...........2)

(ബി) അത്യുൽപ്പാദന ശേഷിയുള്ള പുൽ കടകൾ വിതരണം ചെയ്യുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ക്ഷീര വികസന വകുപ്പ് തീറ്റപ്പുൽ കൃഷി വികസന പദ്ധതി പ്രകാരം അത്യുല്പാദന ശേഷിയുള്ള സങ്കരനേപ്പിയർ എന്ന പുൽയിനം വിതരണം ചെയ്തു വരുന്നു. കൂടാതെ പുതിയ ഇനങ്ങളുടെ നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിന് സ്ലിപ്പ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്നുണ്ട്. ഇതിനു പുറമേ ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിലുള്ള സ്വീവേജ് ഫാമിൽ നിന്നും കർഷകർക്ക് ആവശ്യാനുസരണം പുൽക്കട വിതരണം ചെയ്യുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകളിൽ കൃഷി ചെയ്തുവരുന്ന അത്യുല്പാദന ശേഷിയുള്ള തീറ്റപ്പുൽക്കടകൾ ലഭ്യതയനുസരിച്ച് കർഷകർക്ക് വിതരണം ചെയ്തു വരുന്നു. അത്യുല്പാദന ശേഷിയുള്ള തീറ്റപ്പുൽ കൃഷിയ്ക്ക് ആവശ്യമുള്ള പുൽക്കടകൾ, പുൽവിത്തുകൾ, പയർ വർഗ്ഗത്തിലുള്ള വിത്തുകൾ, ഫോഡർ മരങ്ങളുടെ വിത്തുകൾ എന്നിവ ഗവേഷണ അടിസ്ഥാനത്തിൽ കെ.എൽ.ഡി. ബോർഡിന്റെ ധോണി, കുളത്തൂപ്പുഴ, മാട്ടുപ്പെട്ടി ഫാമുകളിൽ ഉല്പാദിപ്പിച്ച് വിതരണത്തിനായി തയ്യാറായിട്ടുണ്ട്. കെ.എൽ.ഡി. ബോർഡ് ഇടുക്കി ജില്ലയിൽ നിന്നും പരിശീലനം ലഭിച്ച ക്ഷീര കർഷകരിൽ നിന്നും മറ്റ് ഉല്പാദകരിൽ നിന്നും സംഭരിച്ച വിത്ത് ഗുണനിലവാരത്തിനനുസരിച്ച് പാക്കറ്റുകളിലാക്കി കേന്ദ്ര സർക്കാരിന്റെ സെൻട്രൽ മിനി ഫിറ്റ് പ്രോഗ്രാം വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. 2007-08-ൽ കെ.എൽ.ഡി ബോർഡ് 37.50 ടൺ വിവിധയിനം

തീറ്റപ്പുൽവിത്ത് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കെ.എൽ.ഡി.ബോർഡ് കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ തീറ്റപ്പുൽകൃഷിയ്ക്കും അതിന്റെ സംഭരണത്തിനുമായി ഗ്രാസ് ലാന്റ് ഡെവലപ്മെന്റ്, തീറ്റപ്പുൽ വിത്ത് സംഭരണവും വിതരണവും എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(സി) തീറ്റപ്പുൽ കൃഷി ചെയ്യുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്;

(സി) ക്ഷീര വികസന വകുപ്പ് പുൽക്കൃഷി ചെയ്യുന്നവർക്ക് ഹെക്ടറിന് 2250/- രൂപ സബ്സിഡി നിരക്കിൽ നടീൽ വസ്തുക്കൾ നൽകുന്നതു കൂടാതെ കൃഷി ചെലവുകൾക്കുള്ള സബ്സിഡിയായി ഹെക്ടറിന് 5000/-(ആകെ സബ്സിഡി ഹെക്ടറിന് 7250/- രൂപ)രൂപയും നൽകുന്നു. സ്ലിപ്പ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ നടപ്പിലാക്കുന്ന കർഷകർക്ക് 50 സെന്റിന്റെ ഒരു യൂണിറ്റിന് 2450/- രൂപ സബ്സിഡിയായി അനുവദിക്കുന്നു. ഫോഡർ വൃക്ഷ വിളകളായ സുബാബുൾ, അഗത്തി മുതലായ വൃക്ഷതൈകൾ സൗജന്യമായി നൽകുന്നതു കൂടാതെ അസോള കൃഷി ചെയ്യുന്നതിനായി യൂണിറ്റ് ഒന്നിന് 350/- രൂപ സബ്സിഡിയും അനുവദിക്കുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഊർജ്ജിത കന്നുകാലി വികസന പദ്ധതി ഉപകേന്ദ്രങ്ങൾ വഴി കർഷകർക്ക് സൗജന്യമായി തീറ്റപ്പുൽ വിത്ത് ലഭ്യമാക്കി വരുന്നു. പുൽക്കടകൾ ആവശ്യമുള്ള കർഷകർക്ക് അവയുടെ ലഭ്യതയനുസരിച്ച് വകുപ്പിന്റെ വിവിധ ഫാമുകൾ മുഖേന എല്ലാ ജില്ലകളിലും നൽകി വരുന്നു.

(.................... 4)

(ഡി) തരിശുഭൂമിയിൽ തീറ്റപ്പുൽ കൃഷി ആരംഭിക്കുന്നതിന് പ്രത്യേക സഹായങ്ങൾ നൽകുമോ;

(ഡി) തരിശുഭൂമിയിൽ തീറ്റപ്പുൽ കൃഷി ആരംഭിക്കുന്നതിന് പ്രത്യേക സഹായങ്ങൾ നൽകുന്നതിനുള്ള പദ്ധതിയൊന്നും ഇപ്പോൾ നിലവിലില്ല.

(ഇ) ഇപ്പോൾ സംസ്ഥാനത്ത് എത്ര ഏക്കർ സ്ഥലത്താണ് തീറ്റപ്പുൽ കൃഷി ചെയ്യുന്നത്; ഈ വർഷം എത്ര ഏക്കർ സ്ഥലത്തു കൂടി ഇതു കൃഷി ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്?

(ഇ) ക്ഷീര വികസന വകുപ്പ് കഴിഞ്ഞ 2 വർഷങ്ങളിലായി സംസ്ഥാനത്ത് 8296 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽകൃഷി ചെയ്തിട്ടുണ്ട്. ഈ വർഷം 2000 ഹെക്ടർ സ്ഥലത്തു കൂടി കൃഷി ചെയ്യാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത് കൂടാതെ മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ ഫാമുകളിലായി ഏകദേശം 142 ഏക്കർ സ്ഥലത്ത് ഇപ്പോൾ തീറ്റപ്പുൽ കൃഷി ചെയ്യുന്നുണ്ട്. ഈ വർഷം ഏകദേശം 2000 ഏക്കർ സ്ഥലത്ത് കൂടി കൃഷി ചെയ്യുവാനാണ് ആ വകുപ്പ് ലക്ഷ്യമിട്ടിട്ടുള്ളത് കെ.എൽ.ഡി. ബോർഡ് പാതയോര പുൽക്കൃഷിക്കായി നൂതനമായ ഒരു പദ്ധതിയ്ക്ക് രൂപം നല്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 157          30-06-2008-ൽ മറുപടിക്ക്

## "സംസ്ഥാന ആസൂത്രണ ബോർഡിന്റെ ചുമതലകൾ"

| ചോദ്യം. | ഉത്തരം. |
|---|---|
| ശ്രീ.സി.എച്ച്. കുഞ്ഞമ്പു.<br>ശ്രീ.പി.ജയരാജൻ<br>ശ്രീ.അൽഫോൺസ് കണ്ണന്താനം.<br>ശ്രീ.വി.ജെ.തങ്കപ്പൻ<br>ശ്രീ.വി.ശശികുമാർ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്രധാന ചുമതലകൾ എന്തെല്ലാമാണ് ; | (എ) സംസ്ഥാന ആസൂത്രണ ബോർഡിന്റെ അടിസ്ഥാന പ്രവർത്തനം സംസ്ഥാനത്തിന്റെ പഞ്ചവത്സര പദ്ധതിയും വാർഷിക പദ്ധതികളും തയ്യാറാക്കലാണ്. കൂടാതെ സംസ്ഥാനത്തിന്റെ വാർഷിക സാമ്പത്തിക അവലോകനം തയ്യാറാക്കി നിയമസഭയ്ക്ക് ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് മുമ്പ് സമർപ്പിക്കുക, പ്രധാന പദ്ധതികൾ എല്ലാം തന്നെ ആസൂത്രണ ബോർഡിന്റെ വിദഗ്ദ്ധ പരിശോധനയ്ക്കും നിർദ്ദേശത്തിനും ശേഷം അതാത് നിർവഹണ വകുപ്പുകൾക്ക് കൈമാറുക, പദ്ധതി തയ്യാറാക്കുന്നതിന് വകുപ്പുകൾക്ക് നിർദ്ദേശം നൽകുക, പദ്ധതി നിർവ്വഹണം വിലയിരുത്തുക, പദ്ധതിനിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ സർക്കാരിന്റേതായ മാനദണ്ഡങ്ങളിലുള്ള മാറ്റത്തിനനുസരിച്ച് ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുക എന്നിവയും സംസ്ഥാന ആസൂത്രണ ബോർഡിന്റെ ചുമതലകളിൽ പെടുന്നു. |

| | |
|---|---|
| (ബി) വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പരിപാടികൾ നടപ്പാക്കുന്നതു സംബന്ധിച്ച് ബോർഡ് വിലയിരുത്തലുകൾ നടത്താറുണ്ടോ; | (ബി) ഉണ്ട്. |
| (സി) പദ്ധതി നടപ്പാക്കുന്നതിൽ ഉണ്ടാകുന്ന തടസ്സങ്ങൾ നീക്കുന്നതിന് ബോർഡ് നിർദ്ദേശങ്ങൾ നൽകാറുണ്ടോ ; | (സി) ഉണ്ട്. |
| (ഡി) കേന്ദ്രാവിഷ് കൃത പദ്ധതികൾ നടപ്പാക്കുന്നതിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ബോർഡ് പഠനം നടത്തിയിട്ടുണ്ടോ ; | (ഡി) കേന്ദ്രാവിഷ് കൃത പദ്ധതികൾ നടപ്പാക്കുന്നതിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഏതെല്ലാം മേഖലകളിലാണെന്ന് കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുന്നതിനും വേണ്ടി 29-11-2007 - ൽ കൂടിയ പ്ലാനിംഗ് ബോർഡ് യോഗത്തിൽ വിവിധ വികസന മേഖലകളെക്കുറിച്ച് പഠനം നടത്തുന്നതിന് അഞ്ചു വിദഗ്ദ്ധ ഗവേഷണ ഗ്രൂപ്പുകൾ രൂപീകരിക്കാൻ തീരുമാനിച്ചതിൽ ഒരു ഗ്രൂപ്പ് കേന്ദ്രാവിഷ് കൃത പദ്ധതികളെക്കുറിച്ച് പഠനം നടത്തുന്നതിന് വേണ്ടിയുള്ളതായിരുന്നു. പ്രസ്തുത ഗ്രൂപ്പിന്റെ പഠനം പുരോഗമിച്ചു വരുന്നു. |
| (ഇ) ജനകീയാസൂത്രണം ശക്തിപ്പെടുത്തുന്നതിനായി ആസൂത്രണ ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ? | (ഇ) കഴിഞ്ഞ പത്തു വർഷക്കാലത്തെ അനുഭവത്തിന്റെ വെളിച്ചത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രാദേശിക പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനുമുള്ള വൈദഗ്ദ്ധ്യം ആർജ്ജിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 158 — 30-06-2008-ൽ മറുപടിയ്ക്ക്

## കുടുംബാംഗങ്ങൾ തമ്മിൽ നടത്തുന്ന ഭൂമി ഇടപാടുകളെ താരിഫ് നിരക്കിൽ നിന്ന് ഒഴിവാക്കണമെന്ന ആവശ്യം.

ചോദ്യം — ഉത്തരം

ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി: — ശ്രീ.എസ്.ശർമ്മ

(മത്സ്യ ബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് താരിഫ് വില നിലവിൽ വരുന്നതോടെ കുടുംബാംഗങ്ങൾ തമ്മിൽ നടക്കുന്ന ഭാഗാധാരം, ധനനിശ്ചയം, സെറ്റിൽമെൻറുകൾ, ഇഷ്ടദാനം(ഗിഫ്റ്റ്) കൂട്ടവകാശഒഴിമുറി (റിലീസ്) എന്നിവയെ താരിഫ് നിരക്കിൽ നിന്ന് ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ :<br><br>(ബി) ഇല്ലെങ്കിൽ മറ്റു പല സംസ്ഥാനങ്ങളിലെപോലെ ഇവയ്ക്ക് സ്റ്റാമ്പ് ഡ്യൂട്ടി പരിധി നിശ്ചയിക്കുന്ന കാര്യം പരിഗണിക്കുമോ ? | **(എ)** യും **(ബി)** യും : കേരള മുദ്രപത്ര നിയമം 45(എ), 45(സി) വകുപ്പുകൾ പ്രകാരം കുടുംബാംഗങ്ങൾക്ക് ഇടയിലുള്ള ഭാഗപത്രം, ധനനിശ്ചയം, ദാനം എന്നിവയെ ഭൂമിയുടെ ന്യായവില നിരക്കിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ കൂട്ടവകാശ ഒഴിമുറി ന്യായവില നിരക്കിന്റെ പരിധിയിൽ വരുന്നതാണ് |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## എട്ടാം സമ്മേളനം

### ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ * 159 — 30-6-2008-ൽ മറുപടിയ്ക്ക്

**ചോദ്യം**

ശ്രീ. എം. ജെ. ജേക്കബ്
ശ്രീ. കെ.കെ.ജയചന്ദ്രൻ
ശ്രീ. എം.എം.മോനായി
ശ്രീമതി കെ.കെ.ലതിക
ശ്രീ. മഞ്ഞളാംകുഴി അലി

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

**മറുപടി**

ശ്രീ. സി. ദിവാകരൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി)

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി താഴെപറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

1. എറണാകുളം കാക്കനാട് ലീഗൽ മെട്രോളജി ഭവനിൽ പ്രവർത്തിക്കുന്ന സ്വർണ്ണ ശുദ്ധതാ പരിശോധനാ ലാബ് ബി.ഐ.എസ് ഹാൾ മാർക്കിംഗ് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

2. കേന്ദ്ര സർക്കാർ അനുവദിച്ച 33 ലക്ഷം (മുപ്പത്തിമൂന്ന് ലക്ഷം) രൂപ വിനിയോഗിച്ച് ക്ലാസ്സ് -1 ഇലക്ട്രോണിക് വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

3. ലീഗൽ മെട്രോളജി വകുപ്പിലെ താലൂക്ക് തലത്തിലുള്ള ഇൻസ്പെക്ടർ ഓഫീസുകൾ ഉൾപ്പെടെ വകുപ്പിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് കമ്പ്യൂട്ടറുകളും ഉദ്യോഗസ്ഥർക്ക് കമ്പ്യൂട്ടർ ട്രെയിനിംഗും നൽകി വരുന്നു. കൂടാതെ ജില്ലാ തലത്തിലും മേഖലാ തലത്തിലും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വേഗതയിലാക്കുന്നതിനും ഫാക്സ്,

ഫോട്ടോസ്റ്റാറ്റ് മെഷീനുകളും, കമ്പ്യൂട്ടറുകളും നല്കിയിട്ടുണ്ട്. അധികം വൈകാതെ നെറ്റ്വർക്കിംഗ് സംവിധാനവും ഏർപ്പെടുത്തുന്നതാണ്.

4. വെയ്ബ്രിഡ്ജുകളുടെ പരിശോധന ഏകീകരിക്കുന്നതിനും ഊർജ്ജിതമാക്കുന്നതിനും വെയ്ബ്രിഡ്ജ് ടെസ്റ്റിംഗ് മൊബൈൽ യൂണിറ്റിന്റെ പ്രവർത്തനം സംസ്ഥാനത്ത് ആദ്യമായി തുടങ്ങിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെയുള്ള വെയ്ബ്രിഡ്ജുകളുടെ പരിശോധന സമയബന്ധിതമായും കാര്യക്ഷമമായും ഊർജ്ജിതമായും നടത്തുന്നതിന് ഇത് ഉപകരിക്കുന്നതാണ്.

5. കേരളാ ലീഗൽ മെട്രോളജി വകുപ്പിന്റെ സമഗ്ര വികസനത്തിനും വിപുലീകരണത്തിനുമായി കേന്ദ്രത്തിൽ നിന്നും വിവിധ പദ്ധതികൾക്കായുള്ള ധനസഹായം ലഭിയ്ക്കുന്നതിലേയ്ക്കായി പ്രൊപ്പോസലുകൾ ഉടൻതന്നെ കേന്ദ്ര സർക്കാരിന് സമർപ്പിയ്ക്കുന്നതാണ്.

(ബി) ഇപ്പോൾ ഈ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) ഉപഭോക്തൃ താല്പര്യ സംരക്ഷണാർത്ഥം സംസ്ഥാനത്തെ എല്ലാ രംഗത്തെയും അളവുകളുടെയും തൂക്കങ്ങളുടേയും കൃത്യത പരിശോധിക്കുക, അളവുതൂക്ക ഉപകരണങ്ങൾ കൃത്യതപ്പെടുത്തി സർക്കാർ മുദ്ര പതിപ്പിക്കുക എന്നിവയാണ് വകുപ്പിന്റെ പ്രധാന ജോലികൾ. മുദ്ര പതിപ്പിക്കാത്ത തൂക്ക അളവ് ഉപകരണങ്ങൾ ഉപയോഗിക്കുന്നത് കണ്ടുപിടിക്കുക, കൃത്യതപ്പെടുത്തിയതിൽ കൃത്രിമം കാണിക്കുക, പായ്ക്കറ്റിൽ വിൽക്കുന്ന ഉല്പന്നങ്ങൾ സംബന്ധിച്ച് പാലിയ്ക്കേണ്ട നിയമങ്ങളുടെ ലംഘനം എന്നിവ കണ്ടെത്തുന്നതിന് വകുപ്പിലെ ഇൻസ്പെക്ടർമാർ, സീനിയർ ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് കൺട്രോളർമാർ, ഫ്ളൈയിംഗ് സ്ക്വാഡ് അസിസ്റ്റന്റ് കൺട്രോളർമാർ, ഡെപ്യൂട്ടി

| | | | |
|---|---|---|---|
| | | | കൺട്രോളർമാർ എന്നിവർ പരിശോധനകളും മിന്നൽ പരിശോധനകളും ഒറ്റയ്ക്കും കൂട്ടായും നടത്തിവരുന്നു. കൂടാതെ കൺട്രോളറാഫീസിൽ നിന്ന് മിന്നൽ പരിശോധനയ്ക്കായി ഒരു സ്പെഷ്യൽ സ്ക്വാഡും പ്രവർത്തിക്കുന്നു. ഓണക്കാല മിന്നൽ പരിശോധന, ശബരിമലയിലെ ഉത്സവകാല പരിശോധന, എന്നിവയും വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തി വരുന്നു. എറണാകുളത്ത് കാക്കനാടുള്ള ലീഗൽ മെട്രോളജി ഭവനിൽ വകുപ്പിന്റേതായ ഒരു ഗോൾഡ് ടെസ്റ്റിംഗ് ലബോറട്ടറി (Gold Testing Lab) പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തനം ബി.ഐ.എസ് ഹാൾ മാർക്ക് (BIS Hallmark) നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | അളവുതൂക്കങ്ങളിൽ കൃത്രിമം നടത്തിയ എത്ര കേസുകൾ കഴിഞ്ഞവർഷം കണ്ടുപിടിച്ചിട്ടുണ്ട്; | (സി) | അളവു തൂക്കങ്ങളിൽ കൃത്രിമം നടത്തിയതിൽ 13770 (പതിമൂന്നായിരത്തി എഴുനൂറ്റി എഴുപത്) കേസുകൾ കഴിഞ്ഞവർഷം കണ്ടുപിടിച്ചിട്ടുണ്ട്. |
| (ഡി) | ഇലക്ട്രോണിക് ത്രാസുകൾ കൂടുതലായി ഉപയോഗിക്കുന്നതിന് കച്ചവടക്കാരെ പ്രേരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | നടപടി സ്വീകരിച്ചുവരികയാണ്. |
| (ഇ) | എല്ലാ റേഷൻകടകളിലും ഇലക്ട്രോണിക് ത്രാസുകൾ നിലവിൽ വന്നിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ;? | (ഇ) | എല്ലാ റേഷൻ കടകളിലും ഇലക്ട്രോണിക് ത്രാസ്സുകൾ നിലവിൽ വന്നിട്ടില്ല. ഇതിനായി നടപടി സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ

-----------

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 160 30-06-2008-ൽ മറുപടിക്ക്

**നിയമവിരുദ്ധമായുള്ള ഭൂമി രജിസ്ട്രേഷൻ റദ്ദ് ചെയ്യാൻ നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.കെ.പ്രേമനാഥ്:<br>ശ്രീ.കെ.പി.മോഹനൻ:<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ:<br>ശ്രീ ജോസ് തെറ്റയിൽ: | ശ്രീ.എസ്.ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) നിയമവിരുദ്ധമായി ഭൂമി രജിസ്റ്റർ ചെയ്താൽ അത് റദ്ദ് ചെയ്യാൻ നിലവിൽ നിയമമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഭൂമിയുടെ നിയമ വിരുദ്ധ രജിസ്ട്രേഷൻ റദ്ദ് ചെയ്യാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) സർക്കാർ വക ഭൂമി കൈമാറ്റം ചെയ്യുന്ന പ്രമാണങ്ങൾ ഹാജരാക്കുമ്പോൾ ഉടമാവകാശം ഉറപ്പാക്കാനായി സർക്കാർ നിശ്ചയിക്കുന്ന ഉദ്യോഗസ്ഥന്റെ എൻ.ഒ.സി. ഹാജരാക്കിയ ശേഷം മാത്രം രജിസ്റ്റർ ചെയ്യാനും അല്ലാത്ത രജിസ്ട്രേഷൻ നിഷേധിക്കാനും സാധിക്കത്തക്ക വിധം 1908 ലെ രജിസ്ട്രേഷൻ നിയമം 71 ാം വകുപ്പും, ഇതിനു വിരുദ്ധമായി ഭൂമി കൈമാറുന്ന ആധാരങ്ങൾ രജിസ്റ്റർ ചെയ്തു എന്നു തെളിയുന്ന കേസുകളിൽ രജിസ്ട്രേഷൻ റദ്ദാക്കാൻ സർക്കാരിന് അധികാരം ലഭിക്കുന്ന തരത്തിൽ 1908 ലെ രജിസ്ട്രേഷൻ നിയമം 83 ാം വകുപ്പ് ഭേദഗതി ചെയ്യാനും, ആൾമാറാട്ടത്തിലൂടെ വ്യാജപ്രമാണം നടന്നു എന്നു തെളിയുന്ന കേസുകളിൽ രജിസ്ട്രേഷൻ റദ്ദാക്കാൻ സർക്കാരിന് അധികാരം നൽകുന്ന തരത്തിൽ 1908 ലെ രജിസ്ട്രേഷൻ നിയമത്തിൽ 83 (എ) എന്ന പുതിയ വകുപ്പ് ചേർക്കാനും ഉദ്ദേശിക്കുന്നുണ്ട്. |
| (സി) ഇതിനുള്ള നടപടിക്രമങ്ങൾ എപ്പോൾ പ്രാബല്യത്തിൽ വരുത്തുമെന്ന് വിശദീകരിക്കുമോ ? | (സി) രജിസ്ട്രേഷൻ നിയമം കേന്ദ്ര നിയമമായതിനാൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ച ശേഷം മാത്രമേ നിയമ ഭേദഗതി വരുത്താൻ കഴിയുകയുള്ളൂ. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 161 — 30.6.2008-ൽ മറുപടിക്ക്

## ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ

ചോദ്യം — ഉത്തരം

ശ്രീ എം.കെ. പുരുഷോത്തമൻ
ശ്രീ.കെ.വി. അബ്ദുൾ ഖാദർ
ശ്രീ.എ.എം. ആരിഫ്
ശ്രീ.വി. ശിവൻകുട്ടി
ശ്രീ.സി.കെ. സദാശിവൻ

ശ്രീ എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

എ) ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സഹായത്തോടെ മത്സ്യഫെഡ് മുഖേന ഡോറി ഫിഷിംഗ് പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ ഫിഷറീസ് വകുപ്പ് വഴി ബോട്ടുകൾ വൈവിദ്ധ്യവൽക്കരിച്ച് ആഴക്കടൽ മത്സ്യബന്ധനത്തിന് ഉപയുക്തമാക്കുന്നതിന് 2007-08 സാമ്പത്തിക വർഷം 1 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും തുടർന്ന് പദ്ധതി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2008-09-ലേക്ക് 125 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ പദ്ധതി തയ്യാറാക്കിവരുന്നു.

ബി) ആഴക്കടൽ മത്സ്യബന്ധനത്തിന് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുന്നതിന് ആവിഷ്കരിച്ച 'ഡോറി ഫിഷിംഗ്' പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

ബി) ആഴക്കടൽ മത്സ്യബന്ധനത്തിന് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുന്നതിനായി കേന്ദ്ര സഹായം ഉപയോഗിച്ച് മത്സ്യഫെഡ് മുഖേന ഡോറി ഫിഷിംഗ് പദ്ധതി നടപ്പിലാക്കിവരുന്നു. ഒരു മാതൃയാനത്തിൽ ഉൾക്കടലിലേക്ക് കെട്ടി വലിച്ചുകൊണ്ടുപോകുന്ന ചെറു വള്ളങ്ങൾ ഉൾപ്പെട്ട ഒരു ഡോറി ഫിഷിംഗ് യൂണിറ്റിൽ 50 അംഗങ്ങൾ ഉണ്ടാകും. കടലിനടിയിലെ മത്സ്യക്കൂട്ടങ്ങളെ തിരിച്ചറിയാൻ സഹായിക്കുന്ന ഫിഷ് ഫൈൻഡറുകൾ, ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (GPS), വി.എച്ച്.എഫ് റേഡിയോ ഫോണുകൾ, ലൈഫ്ബോയ്, ലൈഫ് ജാക്കറ്റ് എന്നിവയാൽ സുസജ്ജീകൃതമായിരിക്കും ഡോറി യൂണിറ്റുകൾ. യൂണിറ്റംഗങ്ങൾക്ക് വിദഗ്ദ്ധ പരിശീലനം നൽകും. ഇത്തരത്തിലുള്ള ഒരു ഗ്രൂപ്പിന്റെ പരിശീലനത്തിനും മറ്റു സജ്ജീകരണങ്ങൾക്കുമായി 24 ലക്ഷത്തോളം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

സി) പരിശീലനം പൂർത്തിയാക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്.

സി) ഫിഷ് ഫൈന്ററുകൾ, ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം, വി.എച്ച്.എഫ് റേഡിയോ ഫോണുകൾ, ലൈഫ്ബോയ്, ലൈഫ് ജാക്കറ്റ് തുടങ്ങിയ ആധുനിക സജ്ജീകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനം ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് സിഫ്റ്റ്, എം.പി.ഇ.ഡി.എ എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടെ നൽകുന്നു. ഒമ്പതു തീരദേശ ജില്ലകളിൽ മൊത്തം 20 യൂണിറ്റുകൾക്കാണ് ധനസഹായവും പരിശീലനവും നൽകുന്നത്.

ഡി) 'ഡോറി ഫിഷിംഗ്' പദ്ധതിയുടെ ഭാഗമായി എത്ര യൂണിറ്റുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്: പദ്ധതി നടപ്പാക്കുന്നതു മൂലം മത്സ്യബന്ധനരംഗത്ത് കൈവരിക്കാനുദ്ദേശിക്കുന്ന നേട്ടങ്ങൾ വ്യക്തമാക്കുമോ?

ഡി) കേന്ദ്ര ഗ്രാന്റായി ലഭിച്ച 4 കോടി രൂപ ഉപയോഗിച്ച് സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലുമായി 2[illegible] ഗ്രൂപ്പുകൾക്ക് ധനസഹായവും പരിശീലനവും നൽകുന്നതായിരിക്കും.

വളരെയധികം കയറ്റുമതി സാധ്യതയുള്ള ചൂരപോലെയുള്ള മത്സ്യങ്ങളെ ഡോറി ഫിഷിംഗ് മുഖേന പിടിക്കാൻ കഴിയുമെന്നതിനാൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ വരുമാന വർദ്ധനവിന് ഇത് സഹായിക്കും. മാതൃയാനം മറ്റു ചെറുവള്ളങ്ങളെ വലിച്ചുകൊണ്ടുപോകുന്നതിനാൽ ഇന്ധന ചെലവ് കുറയ്ക്കുന്നതിനും ഈ പദ്ധതി വഴിയൊരുക്കും.

(ഒപ്പ്)

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ - എട്ടാം സമ്മേളനം

*നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 162 — 30/6/2008 ൽ മറുപടിക്ക്

# വിഷൻ 2010

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.സി.ടി.അഹമ്മദ് അലി | | ശ്രീ.വി.എസ്.അച്യുതാനന്ദൻ (മുഖ്യമന്ത്രി) |
| (എ) | മുൻ രാഷ്ട്രപതി ശ്രീ. എ. പി. ജെ. അബ്ദുൾകലാം കേരള നിയമസഭയിൽ നടത്തിയ പ്രസംഗത്തിൽ നിർദ്ദേശിച്ച കാര്യങ്ങൾ എന്തൊക്കെയായിരുന്നെന്ന് വ്യക്തമാക്കുമോ; | (എ) ബഹുമാനപ്പെട്ട മുൻരാഷ്ട്രപതി ശ്രീ. എ. പി. ജെ. അബ്ദുൾകലാം 2005 ജൂലായ് മാസം കേരള നിയമസഭയിൽ കേരളത്തിന്റെ വികസനത്തിനായി താഴെ പറയുന്ന 10 കാര്യങ്ങളുടെ രൂപരേഖ നൽകുകയുണ്ടായി.<br>1. വിനോദസഞ്ചാരം<br>2. ഉൾനാടൻ ജലപാതാവികസനം<br>3. വിജ്ഞാന ഉൽപന്നങ്ങളുടെ വിപണനവും വികസനവും<br>4. ഔഷധസസ്യങ്ങളുടെയും ആയുർവ്വേദ ഉൽപന്നങ്ങളുടെയും നിർമ്മാണം<br>5. നഴ്സുമാർക്കും പാരാമെഡിക്കൽ ജീവനക്കാർക്കും ഗുണമേന്മയുള്ള പരിശീലനം<br>6. പ്രത്യേക സാമ്പത്തിക മേഖലയുടെ രൂപീകരണം<br>7. ആഴക്കടൽ മത്സ്യബന്ധനവും സമുദ്രമത്സ്യ സംസ്കരണവും വിപണനവും<br>8. സമുദ്രമേഖലയിലെ 'പുര'<br>9. റബ്ബർ, തേയില, കാപ്പി, സുഗന്ധദ്രവ്യങ്ങൾ, നാളികേരം, പഴവർഗ്ഗങ്ങൾ എന്നിവയുടെ മൂല്യവർദ്ധന പരിപാടി<br>10. വികസനത്തെ സഹായിക്കുന്ന ബഹിരാകാശ ശാസ്ത്രം. |

| | | | |
|---|---|---|---|
| (ബി) | ഈ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | മിഷനിൽ ഉൾപ്പെടുത്തിയ ചില പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കിവരുന്ന സംസ്ഥാനപദ്ധതികളുമായും കേന്ദ്രാവിഷ്കൃതപദ്ധതികളുമായും പതിനഞ്ചാം ധനകാര്യകമ്മീഷൻ അവാർഡുമായും സംയോജിപ്പിച്ച് നടപ്പിലാക്കിവരുന്നു. |
| (സി) | എങ്കിൽ ഏതെല്ലാം നിർദ്ദേശങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | എല്ലാ ഘടകങ്ങളും നടപ്പിലാക്കുവാനാവശ്യമായ നടപടികൾ ഘട്ടം ഘട്ടമായി ഏറ്റെടുത്തുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 163 — 30.6.2008-ൽ മറുപടിക്ക്

## ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. ബി.ഡി. ദേവസ്സി<br>" സി.കെ.പി. പത്മനാഭൻ<br>" എ.സി. മൊയ്തീൻ<br>" പി. കൃഷ്ണപ്രസാദ്<br>" രാജു എബ്രഹാം | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യ സംസ്കരണ രംഗത്തുള്ള സാധ്യതകൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്ത് ഭക്ഷ്യ സംസ്കരണ രംഗത്തുള്ള സാധ്യതകൾ സംബന്ധിച്ച് പത്തനംതിട്ട ജില്ലയിൽ കോന്നിയിൽ സ്ഥാപിച്ചിട്ടുള്ള ഭക്ഷ്യ ഗവേഷണ വികസന കൗൺസിലിൽ ഒരു ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള പഠനം നടത്തിയിട്ടുണ്ട്. ഈ പഠന റിപ്പോർട്ട് 13.01.2006ൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | വൻകിട ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) ഇല്ല. കോന്നിയിലെ ഭക്ഷ്യ ഗവേഷണ വികസന കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഒരു ഫുഡ് പാർക്ക് ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. |
| (സി) | കോന്നിയിലെ ഭക്ഷ്യ സംസ്കരണ കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഈ കേന്ദ്രത്തിന് ഭക്ഷ്യ വകുപ്പ് നൽകുന്ന സഹായങ്ങൾ വ്യക്തമാക്കുമോ; | (സി) ഉണ്ട്. പ്രസ്തുത കേന്ദ്രത്തിനു കീഴിൽ ഒരു ഭക്ഷ്യ ഗുണമേന്മാ പരിശോധനാ ലാബ്, ഭക്ഷ്യ സംസ്കരണ പരിശീലന കേന്ദ്രം, കോളേജ് ഓഫ് ഇൻഡിജിനസ് ഫുഡ് ടെക്നോളജി എന്നിവ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾക്കായി ഭക്ഷ്യ വകുപ്പ് ഇതുവരെ 1.45 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ ഇനത്തിൽ ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 52 ലക്ഷം രൂപകൂടി വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) ഇല്ല |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ-164

30-06-2008-ൽ മറുപടി നൽകേണ്ടത്

## പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടിക ഉപയോഗിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. ജോസഫ് | ശ്രീ. വി.എസ്. അച്യുതാനന്ദൻ, (മുഖ്യമന്ത്രി) |
| (എ) പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടിക തന്നെ ഉപയോഗിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br><br>(ബി) ഇതിലേക്കായി തെരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതി നേടാനുള്ള നടപടികൾ സ്വീകരിക്കുമോ ? | (എ) & (ബി) 2010 -ൽ നടത്തേണ്ട തിരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടിക തയ്യാറാക്കുന്ന പ്രക്രിയ 2008 സെപ്തംബറിൽ മാത്രമേ ആരംഭിക്കുകയുള്ളൂ. അടുത്ത ലോകസഭാ തിരഞ്ഞെടുപ്പിനായി ഭാരത തിരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാക്കുന്ന വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം, തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിനായി പ്രസ്തുത വോട്ടർപട്ടിക അടിസ്ഥാന രേഖയായി സ്വീകരിച്ച് വോട്ടർപട്ടിക തയ്യാറാക്കുന്ന കാര്യം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 135          30-06-2008-ന് മറുപടിക്ക്

**<u>ഭൂമി രജിസ്ട്രേഷൻ നിയമം</u>**

<u>ചോദ്യം</u>          <u>ഉത്തരം</u>

ശ്രീ.പി.സി.ജോർജ്          ശ്രീ.എസ്.ശർമ്മ

(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) ഭൂമി രജിസ്ട്രേഷന് പുതിയ നിയമം നിലവിൽ വന്നിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ഈ നിയമം വിശദമാക്കുമോ ; എന്ന് മുതലാണ് ഇതിന് നിയമസാധുത; | (എ) യും (ബി) യും ഭൂമി രജിസ്ട്രേഷന് പുതിയ നിയമം നിലവിൽ വന്നിട്ടില്ല. എന്നാൽ സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമിയുടെ കൈമാറ്റത്തിന് കൈമാറ്റം ചെയ്യുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം ഉറപ്പാക്കുന്ന എൻ.ഒ.സി. ഹാജരാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്ന തരത്തിലും, ആൾമാറാട്ടം മുഖേന രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കൽ സർക്കാരിന് അധികാരം നൽകുന്ന തരത്തിലും, ഭൂമി വില്പന കരാറുകൾ നിർബന്ധമായും രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്ന തരത്തിലും രജിസ്ട്രേഷൻ നിയമത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചതിനുശേഷം മാത്രമേ നിയമം നിർമ്മിക്കാൻ കഴിയുകയുള്ളൂ. |
| (സി) നില വിലുള്ള രജിസ്ട്രേഷന് ഇനിമുതൽ എഗ്രിമെന്റിന് നിയമസാധുത ഇടല്ലുന്ന നിയമം നിലവിൽ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതു തരത്തിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) നില വിലുള്ള എഗ്രിമെന്റുകൾക്ക് നിയമ സാധുത ഇല്ലാതാക്കുന്ന നിയമം നിർമ്മിക്കുന്ന കാര്യം പരിഗണനയിലില്ല. |
| (ഡി) ഇതിനെ സംബന്ധിച്ച് ജനപ്രതിനിധികളിൽ നിന്നും ജനങ്ങളിൽ നിന്നും അഭിപ്രായങ്ങളും , ആക്ഷേപങ്ങളും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) ബാധകമല്ല. |
| (ഇ) പുതിയ രജിസ്ട്രേഷൻ സംവിധാനം വരുമ്പോൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവിടങ്ങളിലെ വസ്തു രജിസ്റ്റർ ചെയ്യുമ്പോൾ ഈ ഓരോ മേഖലയിലും വസ്തുവിന്റെ വിലയുടെ എത്ര ശതമാനം മുദ്രപ്പത്രം, എത്ര ശതമാനം രജിസ്ട്രേഷൻ ഫീസ് എന്ന് വ്യക്തമാക്കുമോ ? | (ഇ) പുതിയ ന്യായവില പരിഷ്കാരം നിലവിൽ വരുന്നതോടെ സ്റ്റാമ്പ് ഡ്യൂട്ടി നിരക്കിൽ കുറവു വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്. വിശദാംശങ്ങൾ തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ആഫീസർ

V

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം -166 | 30.06.2008 ൽ മറുപടിയ്ക്ക്

**അരിക്കട തുടങ്ങാൻ നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. കെ. സുധാകരൻ | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി ) |
| (എ) അരിവില നിയന്ത്രിക്കുന്നതിന് അരിക്കട തുടങ്ങുന്നതിന്റെ ഭാഗമായി എല്ലാ ജില്ലയിലും ഇത്തരം കടകൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ ജില്ലകളിലാണ് ഇതുവരെ അരിക്കട തുടങ്ങിയിട്ടുള്ളത് ; | (എ) യും (ബി) യും :<br>സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 1140 ചില്ലറ വിൽപ്പനശാലകളിലും അരിക്കട തുടങ്ങി. കൂടാതെ തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നിവിടങ്ങളിൽ ക്രിസ്തുമസ്സിനോടനുബന്ധിച്ചും, തിരുവനന്തപുരം, കോഴിക്കോട്, കൊല്ലം, കോട്ടയം, കണ്ണൂർ എന്നിവിടങ്ങളിൽ വിഷുവിനോടനുബന്ധിച്ചും സപ്ലൈകോ നടത്തിയ പ്രത്യേക ചന്തകളിലും അരിക്കടകൾ പ്രവർത്തിച്ചിട്ടുണ്ട്. |
| (ബി) മറ്റു ജില്ലകളിലും അരിക്കട തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ; | |
| (സി) ഇത്തരം അരിക്കടകളിലൂടെ വില്പന നടത്തുന്ന അരി കിലോയ്ക്ക് എന്ത് തുകയ്ക്കാണ് നൽകുന്നത് ; | (സി) പുഴുക്കലരി കിലോ ഗ്രാമിന് 14 രൂപ നിരക്കിലും പച്ചരി കിലോഗ്രാമിന് 13.50 പൈസ നിരക്കിലുമാണ് നല്കുന്നത്. |
| (ഡി) ഇങ്ങനെ വില്ക്കുന്ന അരി എപ്രകാരമാണ് സംഭരിക്കുന്നത് ; | (ഡി) ഇതിനാവശ്യമായ അരി ടെൻഡറിൽകൂടിയാണ് സംഭരിക്കുന്നത്. |

| | |
|---|---|
| (ഇ) ഇത്തരത്തിൽ വിൽക്കുന്ന അരിക്ക് സബ്സിഡി .. നൽകണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ; എങ്കിൽ കിലോയ്ക്ക് എത്ര രൂപ സബ് സിഡി നൽകാനാണ് ഉദ്ദേശിക്കുന്നത് ? | (ഇ) ഇത്തരത്തിൽ വിൽക്കുന്ന അരിക്ക് 2007 ഡിസംബർ മുതൽ കിലോയ്ക്ക് 3 രൂപാ വരെ സബ്സിഡി നല്കി വരുന്നുണ്ട്. വാങ്ങുന്ന വിലയും വില്ക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസമാണ് സബ്-സിഡിയായി നല്കിവരുന്നത്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ -- എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.167. 30.6.2008- ൽ മറുപടിക്ക്

## സമുദ്രോല്പന്നങ്ങളുടെ സംസ്കരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പള്ളിപ്രം ബാലൻ :<br>ശ്രീ.ബാബു പോൾ:<br>ശ്രീ.കെ.രാജു :<br>ശ്രീ.പി.തിലോത്തമൻ : | ശ്രീ. എസ്. ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സമുദ്രോല്പന്നങ്ങളുടെ സംസ്കരണത്തിനും വില്പനയ്ക്കും ഇപ്പോൾ എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) സമുദ്രോല്പന്നങ്ങളുടെ സംസ്കരണത്തിനും വിപണനത്തിനും നിലവിലുള്ള സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. മത്സ്യഫെഡിനു കീഴിൽ മത്സ്യസംസ്കരണത്തിനും കയറ്റുമതിക്കും വേണ്ടി ഒരു ഐസ് & ഫ്രീസിംഗ് പ്ലാന്റ് കൊച്ചിയിൽ പ്രവർത്തിച്ചുവരുന്നു.<br>2. സാഫ് മുഖേന വൃത്തിയാക്കിയ പച്ച /ഉണക്കിയ മത്സ്യവിപണന യൂണിറ്റുകൾ, അഞ്ച് തീരദേശജില്ലകളിലായി 60 യൂണിറ്റുകൾ പച്ച മത്സ്യം ഉണക്കി വിപണനം ചെയ്യുന്നു.<br>3. തീരദേശ വികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ മത്സ്യവിപണനത്തിന് സമഗ്ര തീരദേശവികസനപദ്ധതിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഫിഷ് മാർക്കറ്റുകളുടെ നിർമ്മാണം കാസർഗോഡ് ജില്ലയിൽ നടന്നുവരുന്നു.<br>4. മത്സ്യവിപണനത്തിനായി വിവിധ ജില്ലകളിൽ മത്സ്യമാർക്കറ്റുകളുടെ നിർമ്മാണത്തിനും നിലവിലുള്ളവയുടെ നവീകരണത്തി |

| | |
|---|---|
| | നുമായി 2007-ൽ സർക്കാർ 390 ലക്ഷം രൂപ അനുവദിച്ചു നൽകി. ഇവയുടെ നിർമ്മാണവും നവീകരണവും നടന്നുവരുന്നു.<br>5. സുനാമി അടിയന്തിര സഹായ പദ്ധതി പ്രകാരം മത്സ്യസംസ്കരണത്തിനും വിപണനത്തിനുമായി ആലപ്പാട്ടും, മാരാരിക്കുളത്തും ക്ലസ്റ്റർ പ്രൊഡക്ഷൻ സെന്ററുകളുടെ നിർമ്മാണം നടന്നുവരുന്നു.<br>6. സുനാമി അടിയന്തിര സഹായ പദ്ധതി പ്രകാരം 9 തീരദേശജില്ലകളിലായി 45 യൂണിറ്റുകൾ വഴി വിവിധ തരത്തിലുള്ള മൂല്യവർദ്ധിത സമുദ്രോല്പന്നങ്ങൾ, എളുപ്പം പാകം ചെയ്യാവുന്ന വിഭവങ്ങൾ എന്നിവ വില്പന നടത്തുന്നു.<br>7. സുനാമി പുനരധിവാസ പദ്ധതിപ്രകാരം ജലകൃഷി വികസനഏജൻസി മുഖേന തീരദേശജില്ലകളിൽ കക്ക, ചിപ്പി ശുദ്ധീകരിക്കൽ യൂണിറ്റുകൾ നടപ്പിലാക്കുന്നു.<br>8. സുനാമി പുനരധിവാസ പദ്ധതിപ്രകാരം ജലകൃഷി വികസനഏജൻസി മുഖേന തീരദേശജില്ലകളിൽ 83 മസ്സൽ/ കക്ക അച്ചാർ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) പുതിയ ഏതെല്ലാം സംവിധാനങ്ങളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കുമോ ? | (ബി)<br>1. മത്സ്യസംസ്കരണ-വിതരണ പ്രക്രിയ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും മത്സ്യഉൽപ്പന്നഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും 'നളപാകം' എന്ന പേരിൽ ഒരു കമ്മ്യൂണിറ്റി ഫെസിലിറ്റി |

| | |
|---|---|
| | സെന്റർ കൊല്ലത്ത് തുടങ്ങുന്നതിനായി 99.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണം ഉടൻ തുടങ്ങുന്നതാണ്.<br>2. മത്സ്യഫെഡ് ഐസ് പ്ലാന്റിൽ 110 ലക്ഷം രൂപ മുതൽ മുടക്കി സംസ്കൃത ടെർമിനൽ തുടങ്ങുവാനുള്ള നടപടികൾ ആരംഭിച്ചു. ചൂര മത്സ്യം പ്രത്യേക രീതിയിൽ സംസ്കരിച്ച് ജപ്പാനിലേക്ക് കയറ്റുമതി ചെയ്യുന്ന ഉല്പന്നമാണ് സംസ്കൃതി.<br>3. കൊല്ലത്ത് ശക്തികുളങ്ങരയിൽ ഡ്രയർ ഉപയോഗിച്ചു മത്സ്യം ഉണക്കി വില്പന നടത്തുന്നതിന് 50 ലക്ഷം അടങ്കൽ തുകയുള്ള ഡ്രൈഫിഷ് കോംപ്ലക്സിന് അനുമതി നൽകിയിട്ടുണ്ട്.<br>4. തലപ്പിള്ളിയിൽ ഒരു മറൈൻ പാർക്ക് ആരംഭിക്കുന്നതിനായി ഒരു കോടി രൂപ കിൻഫ്രയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സമുദ്രോല്പന്ന സംസ്കരണവും ഈ മറൈൻ പാർക്കിൽ വിഭാവനം ചെയ്യുന്നു. |

Section Officer

പന്ത്രണ്ടാം കേരള നിയമസഭ -- എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.168. 30.6.2008- ൽ മറുപടിയ്ക്ക്

## തീരമൈത്രി സൂപ്പർ മാർക്കറ്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി.കുഞ്ഞിരാമൻ :<br>ശ്രീ.എ.എം.ആരിഫ് :<br>ശ്രീ.വി.ചെന്താമരാക്ഷൻ :<br>ശ്രീ.ബാബു.എം. പാലിശ്ശേരി :<br>ശ്രീ.എ.സി.മൊയ്തീൻ : | ശ്രീ. എസ്. ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച തീരമൈത്രി സൂപ്പർ മാർക്കറ്റിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ; | (എ) സുനാമി ദുരന്തം ഏറ്റുവാങ്ങിയ തീരദേശ വാസികളുടെ ജീവിതം സ്വയംപര്യാപ്തതയിലേക്ക് നയിക്കുന്നതിനായി കേരള സർക്കാർ ഫിഷറീസ് വകുപ്പ് വഴി നടപ്പിലാക്കുന്ന, സുനാമി അടിയന്തിര സഹായ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ 9 തീരദേശ ജില്ലകളിലായി സപ്ലൈകോയുടെ സാങ്കേതിക മാനേജ്മെന്റ് സഹായത്തോടെ 18 സൂപ്പർ മാർക്കറ്റുകളാണ് ആരംഭിക്കുന്നത്. ഈ സൂപ്പർ മാർക്കറ്റുകൾ തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്തൃ ഗ്രൂപ്പുകളുടെ പൂർണ്ണ ഉടമസ്ഥതയിലും ഉത്തരവാദിത്വത്തിലുമാണ് നടത്തുന്നത്. സുനാമി ബാധിതമെന്ന് സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള വില്ലേജുകളിലെ തീരപ്രദേശങ്ങളിലെ വനിതകളാണ് ഇതിന്റെ ഗുണഭോക്താക്കൾ. തെരഞ്ഞെടുക്കുന്ന ഗ്രൂപ്പുകളെ |

| | |
|---|---|
| | ഈ പദ്ധതിക്കുവേണ്ടി പരിശീലനം നൽകി സജ്ജരാക്കുകയാണ് ഫിഷറീസ് വകുപ്പ് ചെയ്യുന്നത്. ഇത്തരത്തിലുള്ള ആദ്യസൂപ്പർമാർക്കറ്റ് 4-6-2008 ൽ ചിറയിൻകീഴിൽ പ്രവർത്തനം ആരംഭിച്ചു. |
| (ബി) മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ പണിസാധനങ്ങൾ ഇവിടെനിന്നും കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുമോ ; | (ബി) സൂപ്പർ മാർക്കറ്റുകൾ വഴി നിത്യോപയോഗസാധനങ്ങളാണ് നൽകുന്നത്. മത്സ്യത്തൊഴിലാളികൾക്കാവശ്യമായ പണി സാധനങ്ങൾ വിതരണം ചെയ്യാൻ പദ്ധതി വിഭാവനം ചെയ്തിട്ടില്ല. |
| (സി) ഫിഷറീസ് വകുപ്പിന്റെ ചെറുകിട ഉല്പാദന യൂണിറ്റുകളുടെ ഉല്പന്നങ്ങൾ ഇവിടെ വില്പന നടത്തുമോ ; | (സി) ഫിഷറീസ് വകുപ്പ് നേരിട്ട് ചെറുകിട ഉല്പാദന യൂണിറ്റുകൾ നടത്തുന്നില്ല. എന്നാൽ സുനാമി അടിയന്തിരസഹായ പദ്ധതി/ സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി സ്വയംസഹായസംഘങ്ങൾ നടത്തുന്നഉല്പാദന യൂണിറ്റുകളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഈ സൂപ്പർ മാർക്കറ്റുകളിൽ വിൽപ്പന നടത്തുന്നതിന് സൗകര്യം ഒരുക്കുന്നതാണ്. |
| (ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സഹായം ഈ പദ്ധതിക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ സാങ്കേതികസഹായവും മാനേജ്മെന്റ് സഹായവും സപ്ലൈകോ ആണ് നൽകുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ-- എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.169. 30.6.2008- ൽ മറുപടിയ്ക്ക്

## ചെമ്മീൻ കൃഷി

ചോദ്യം | മറുപടി
---|---

ശ്രീ. സി.എം.ദിനേശ് മണി :
ശ്രീ.എം.ചന്ദ്രൻ :
ശ്രീ.കെ.കെ.ദിവാകരൻ :
ശ്രീ.സി.കെ.സദാശിവൻ :

ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) ചെമ്മീൻ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്.<br>ചെമ്മീൻ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് താഴെപറയുന്ന പദ്ധതികൾ അഡാക്ക്, ബി.എഫ്.എഫ്.ഡി.എ. എന്നീ ഏജൻസികൾ മുഖേന സർക്കാർ നടപ്പിലാക്കിവരുന്നു.<br>1. എറണാകുളം, തൃശൂർ, ആലപ്പുഴ ജില്ലകളിൽ പൊക്കാളി പാടശേഖരങ്ങളിലെ ചെമ്മീൻകൃഷി വികസന പദ്ധതി.<br>2. ആലപ്പുഴ ജില്ലയിൽ ആറാട്ടുപുഴ, കണ്ടല്ലൂർ, ദേവികുളങ്ങര എന്നീ പഞ്ചായത്തുകളിൽ ഓരുജല മത്സ്യ/ചെമ്മീൻ കൃഷി വികസന പദ്ധതി.<br>3. ചെമ്മീൻ കൃഷിക്കാവശ്യമായ ചെമ്മീൻ വിത്ത് കർഷകർക്ക് ലഭ്യമാക്കുന്നതിനായി നിലവിലുള്ള മത്സ്യ വകുപ്പിന്റെയും മത്സ്യഫെഡിന്റെയും ചെമ്മീൻ വിത്തുല്പാദന കേന്ദ്രങ്ങൾക്കുപുറമെ അഡാക്ക്, തിരുവനന്തപുരം ജില്ലയിലെ ഓടയത്ത് ഒരു |

| | |
|---|---|
| | ചെമ്മീൻ ഹാച്ചറി കൂടി പുതുതായി പ്രവർത്തനം ആരംഭിച്ചു.<br>4. രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം ആലപ്പുഴ, എറണാകുളം, തൃശൂർ, കണ്ണൂർ ജില്ലകളിൽ ചെമ്മീൻ കൃഷി വികസിപ്പിക്കുന്നതിനുള്ള പദ്ധതി.<br>5. രോഗവിമുക്തമായ ചെമ്മീൻ കുഞ്ഞുങ്ങളെ വളർത്തുന്നതിനായി പി.സി.ആർ. ലാബുകൾ കുറഞ്ഞ നിരക്കിൽ പ്രവർത്തിച്ചുവരുന്നു.<br>6. ചെമ്മീൻ കൃഷിയിൽ തൽപരരായ കർഷകർക്ക് പരിശീലനം, കൃഷിക്ക് സാമ്പത്തികസഹായം എന്നിവ ബി.എഫ്.എഫ്.ഡി.എ. വഴി നടപ്പാക്കുന്നു.<br>7. മത്സ്യഫെഡിന്റെ നേതൃത്വത്തിൽ 18 ലക്ഷം രൂപയുടെ സഹായം അനുവദിക്കുന്ന ആറ്റുകൊഞ്ച് കൃഷി വികസന പദ്ധതി. |
| (ബി) 'ഒരു നെല്ലും ഒരു മീനും' പദ്ധതിപ്രകാരം ചെമ്മീൻ കൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; | (ബി) ഉണ്ട്.<br>'ഒരു നെല്ലും ഒരു മീനും' പദ്ധതിപ്രകാരം കഴിഞ്ഞ സാമ്പത്തികവർഷം തൃശൂർ ജില്ലയിലെ പുഴക്കൽ, ചേർപ്പ്, അന്തിക്കാട്, മുല്ലശ്ശേരി എന്നീ ബ്ലോക്കുകളിലായി 396.47 ഹെക്ടർ കോൾ നിലങ്ങളിലും ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ 140.99 ഹെക്ടർ കുട്ടനാടൻ |

| | |
|---|---|
| | പാടശേഖരങ്ങളിലും നെൽകൃഷിക്ക് ശേഷമുള്ള കാലയളവിൽ മത്സ്യ/ചെമ്മീൻ കൃഷി വ്യാപിക്കുകയുണ്ടായി. |
| (സി) ചെമ്മീൻ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഹാച്ചറികൾ എവിടെയെല്ലാം പ്രവർത്തിക്കുന്നു ; | (സി) തൃശൂർ ജില്ലയിൽ അഴീക്കോട് എന്ന സ്ഥലത്തുള്ള സർക്കാർ റീജിയണൽ ഷ്രിംപ് ഹാച്ചറി, വർക്കല ഓടയത്ത് അഡാക്കിന്റെ ഉടമസ്ഥതയിലുള്ള ചെമ്മീൻ ഹാച്ചറി, കൊല്ലം ജില്ലയിൽ നീണ്ടകരയിൽ പ്രവർത്തിക്കുന്ന ബി.എഫ്.എഫ്.ഡി.എ. യുടെ ചെമ്മീൻ ഹാച്ചറി, തിരുമുല്ലവാരത്തുള്ള മത്സ്യഫെഡ് ചെമ്മീൻ ഹാച്ചറി, കണ്ണൂരിൽ മാപ്പിളബേയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡിന്റെ ചെമ്മീൻ ഹാച്ചറി മത്സ്യഫെഡിന്റെ അധീനതയിലുള്ള പൊന്നാനിയിലെ വെളിയംകോട് ഹാച്ചറി, തൃശൂർ ജില്ലയിലെ കൈപ്പമംഗലം ഹാച്ചറി എന്നിവയാണ് സർക്കാരിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന ചെമ്മീൻ വിത്തുല്പാദന കേന്ദ്രങ്ങൾ. |
| (ഡി) ഇവിടെനിന്നും പ്രതിവർഷം എത്ര കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നു ; | (ഡി) മേൽപ്പറഞ്ഞ ചെമ്മീൻ/മത്സ്യവിത്തുല്പാദന കേന്ദ്രങ്ങളിൽനിന്നും 2007-08 വർഷം വിതരണം ചെയ്ത ചെമ്മീൻ കുഞ്ഞുങ്ങളുടെ കണക്ക് ചുവടെ ചേർക്കുന്നു.<br>1. റീജിയണൽ ഷ്രിംപ് ഹാച്ചറി,<br>• അഴീക്കോട് - 10 ലക്ഷം |

| | |
|---|---|
| | 2. ഓടയം ഹാച്ചറി. - 11.66 ലക്ഷം<br>3. തിരുമുല്ലവാരം ഹാച്ചറി -170 ലക്ഷം<br>4. മാപ്ലബേ ഹാച്ചറി - 126 ലക്ഷം<br>5. കൈപ്പമംഗലം ഹാച്ചറി -7.5 ലക്ഷം |
| (ഇ) വിദേശനാണ്യം നേടിത്തരുന്ന ഒരു കൃഷി എന്ന നിലയിൽ ചെമ്മീൻ കൃഷിക്ക് കൂടുതൽ കേന്ദ്രസഹായം നേടിയെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഇ) സംസ്ഥാനത്ത് ചെമ്മീൻ കൃഷിക്ക് പ്രോത്സാഹനം നൽകുന്നതിനും കർഷകർക്ക് ധനസഹായം നൽകുന്നതിനും വേണ്ടി ആരംഭിച്ചിട്ടുള്ള 6 ബി.എഫ്.എഫ്.ഡി.എ. കൾ വഴി ചെമ്മീൻ കൃഷി വിപുലീകരിക്കുന്നതിന് കേന്ദ്രസർക്കാരിൽനിന്നും സഹായം ലഭിക്കുന്നുണ്ട്. കൂടാതെ ചെമ്മീൻ കൃഷിക്ക് ധനസഹായം ഒരുക്കുന്നതിന് രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം ആലപ്പുഴ, എറണാകുളം, തൃശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ ചെമ്മീൻ കൃഷി വികസനത്തിനായി പദ്ധതി തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |

*Section Officer*

## പന്ത്രണ്ടാം കേരളനിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 170.

30..6..2008-ൽ മറുപടിക്ക്

## ക്ഷീര വികസന സഹകരണ സംഘങ്ങളുടെ നവീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.സി. വിഷ്ണുനാഥ് എം.എൽ.എ.<br>പ്രൊഫ. കെ.വി. തോമസ് എം.എൽ.എ. | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) ക്ഷീരവികസന സഹകരണ സംഘങ്ങൾ നവീകരിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; | (എ) ക്ഷീര സഹകരണ സംഘങ്ങൾ നവീകരിക്കുന്നതിനായി ക്ഷീര സഹകരണ സംഘങ്ങൾക്ക് കമ്പ്യൂട്ടർ നൽകുന്ന പദ്ധതി, പാൽ ശേഖരണം യന്ത്രവൽക്കരിക്കുന്ന പദ്ധതി, സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതി എന്നിവയാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. ആവശ്യാധിഷ്ഠിത (**Need based**) വികസന പ്രവർത്തനം നടത്തുന്നതിനും പരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഭാഗമായി ക്ഷീരസംഘങ്ങളിൽ എന്തൊക്കെ നവീകരണ പ്രവർത്തനങ്ങൾ നടത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; | (ബി) ഇതിന്റെ ഭാഗമായി ക്ഷീരസഹകരണ സംഘങ്ങളിലെ പാൽ ശേഖരണം ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ സ്റ്റേറ്റ്മെന്റ് ഉപയോഗിച്ച് നടപ്പിലാക്കുക, സംഘങ്ങളുടെ പ്രവർത്തനം കമ്പ്യൂട്ടർവൽക്കരിക്കുക, പാൽ ശേഖരണവും സംസ്കരണവും ശുദ്ധമായ അന്തരീക്ഷത്തിൽ നടത്തുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ മിൽമയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക ക്ഷീരോല്പാദക |

(......................2)

സംഭരണ സംഘങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി, കെട്ടിടം ഇല്ലാത്ത സംഘങ്ങൾക്ക് സ്ഥലം സ്വന്തമായി ഉണ്ടെങ്കിൽ കെട്ടിടം പണിയുന്നതിനുള്ള ഗ്രാന്റ്, നിലവിലുള്ള അലുമിനിയം മിൽക്ക് ക്യാനുകൾ ക്രമേണ സ്റ്റെയിൻലസ് സ്റ്റീൽ ക്യാനുകളാക്കുക, സംഘങ്ങളിൽ ബൾക്ക് കൂളറുകൾ സ്ഥാപിച്ച് സംഭരിക്കുന്ന പാലിന്റെ സുരക്ഷിത സൂക്ഷിപ്പ് സമയം വർദ്ധിപ്പിക്കുക, കർഷകരിൽ നിന്നും സ്വീകരിക്കുന്ന പാലിന്റെ ഗുണനിലവാരം കണ്ടെത്തി യോഗ്യമായ വില കർഷകന് ലഭിക്കുവാൻ തക്കവണ്ണം ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ സെന്ററുകൾ സ്ഥാപിക്കുക, സംഘങ്ങളിൽ കൃത്രിമ ബീജദാന കേന്ദ്രങ്ങൾ സ്ഥാപിക്കുക, കറവ യന്ത്രങ്ങൾ സംഘങ്ങളിൽ ആവശ്യാനുസരണം ലഭ്യമാക്കുക എന്നീ പദ്ധതികളാണ് മിൽമ മേഖലാ യൂണിയനുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) ഇതിനായി ഈ വർഷം എന്തു തുകയാണ് വകയിരുത്തിയിട്ടുള്ളത്?

(സി) ക്ഷീര വികസന വകുപ്പ് ഇതിനായി ഈ വർഷം 45 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിനു പുറമെ മിൽമയുടെ മൂന്നു മേഖലാ യൂണിയനുകൾ സംയുക്തമായി ക്ഷീരസംഘങ്ങളുടെ നവീകരണത്തിനായി 2008-09 ൽ 736.04 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 171 · 30-6-2008-ൽ മറുപടിക്ക്

# ട്രോളിംഗ് നിരോധനം

ചോദ്യം

ശ്രീ. ജി. കാർത്തികേയൻ
ശ്രീ. ജോർജ്ജ് മേഴ്സിയർ
ശ്രീ. കെ. അച്ചുതൻ

ഉത്തരം

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

എ) ട്രോളിംഗ് നിരോധന സമയത്ത് കടലോര മേഖലയിൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന സംഘർഷങ്ങൾ തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്

എ) ട്രോളിംഗ് നിരോധനം ഫലപ്രദമായി നടപ്പാക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകാൻ സാധ്യതയുള്ള സംഘർഷങ്ങൾ തടയുന്നതിനുമായി ജില്ലാ കളക്ടർമാരുടെയും ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരുടെയും യോഗം 28-5-08 ന് ഫിഷറീസ് വകുപ്പ് മന്ത്രി വിളിച്ചു ചേർക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഫിഷറീസ് വകുപ്പിന്റെ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം പോലീസും ലോക്കൽ പോലീസും ചേർന്നു വിപുലമായ സന്നാഹങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കോസ്റ്റ് ഗാർഡിന്റെ സഹായം ഉറപ്പാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. തീരദേശ ജില്ലകളിലെ ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിലും ചുമതലയിലും ട്രോളിംഗ് നിരോധനം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കടലിൽ പട്രോളിംഗ് നടത്തുന്നതിന് വേണ്ടി ഫിഷറീസ് വകുപ്പ് സ്വകാര്യ ബോട്ടുകൾ വാടകയ്ക്കെടുത്ത് ഉപയോഗിച്ചുവരുന്നു. കൂടാതെ കടൽ സുരക്ഷാ പരിശീലനം സിദ്ധിച്ച മത്സ്യത്തൊഴിലാളികളുടെ സേവനം ലഭ്യമാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്

ബി) ട്രോളിംഗ് നിരോധന സമയത്ത് തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് വരുമാനം ലഭ്യമാക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ബി) ട്രോൾബാൻ കാലയളവിൽ തൊഴിൽ രഹിതരാകുന്ന മത്സ്യത്തൊഴിലാളികൾക്കും മറ്റ് അനുബന്ധ തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും സൗജന്യറേഷൻ നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

ഷത്ര ചിഹ്നമിട്ട 30/06/2008 - ൽ

ാദ്യം നമ്പർ 172 മറുപടിക്ക്

## പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും

| ചോദ്യം | | ഉത്തരം |
|---|---|---|
| കെ. കുഞ്ഞിരാമൻ :<br>പി. ജയരാജൻ :<br>വി.പി. അബ്ദുള്ളക്കുട്ടി :<br>കെ. കെ. ദിവാകരൻ :<br>കെ.കെ. ജയചന്ദ്രൻ : | | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| ഭക്ഷ്യസാധനങ്ങളുടെയും നിത്യോപയോഗ സാധനങ്ങളുടെയും പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) | നിത്യോപയോഗസാധനങ്ങളുടെയും ഭക്ഷ്യസാധനങ്ങളുടെയും പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയുന്നതിനുവേണ്ടി സിവിൽ സപ്ളൈസ് വകുപ്പ് ഉദ്യോഗസ്ഥർ നിരന്തരം പൊതു വിപണിയിൽ റെയ്ഡുകളും പരിശോധനകളും നടത്തുകയും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സിവിൽ സപ്ളൈസ് വകുപ്പ് ഉദ്യോഗസ്ഥരും മറ്റ് വകുപ്പ് ഉദ്യോഗസ്ഥരുമായി ചേർന്ന് രൂപീകരിച്ചിട്ടുള്ള ജോയിന്റ് ഇൻസ്പെക്ഷൻ ടീമുകളും പൊതു വിപണിയിൽ നിരന്തരം പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. അരി, ഗോതമ്പ്, പയറുവർഗങ്ങൾ, ഭക്ഷ്യഎണ്ണ തുടങ്ങിയ സാധനങ്ങൾ വ്യാപാരം ചെയ്യുന്ന വ്യാപാരികൾക്ക് ലൈസൻസ് വീണ്ടും നിർബന്ധമാക്കിയിട്ടുള്ളതിനാൽ പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയുന്നതിന് ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും ഉപഭോക്തൃ വിജിലൻസ് സമിതികൾ, പ്രൈസ് മോണിറ്ററിംഗ് സെല്ലുകൾ, റേഷൻ അദാലത്തുകൾ, ഓപ്പൺഹൗസ് ഇവയും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. സിവിൽ സപ്ളൈസ് ഉദ്യോഗസ്ഥർ പൊതു വിതരണ രംഗത്ത് നടത്തിയ പരിശോധനയുടെ ഫലമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 29 എ.ഡബ്ള്യൂ.ഡി.കളും 40 കെ.ഡബ്ള്യൂ.ഡി.കളും 349 എ.ആർ.ഡി.കളും സസ്പെന്റ് ചെയ്തിട്ടുള്ളതും 5 എ.ആർ.ഡി.കളും 1. എ.ഡബ്ള്യൂ.ഡി.യും ക്യാൻസൽ ചെയ്തിട്ടുള്ളതുമാണ്. |

ഇതിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം എത്ര മൊത്ത വ്യാപാരശാലകളും ഗോഡൗണുകളും പരിശോധിച്ചു ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു;

(ബി) ഈ സാമ്പത്തിക വർഷം സംസ്ഥാനത്താകെ 2458 പരിശോധനകൾ മൊത്ത വ്യാപാരശാലകളിലും ഗോഡൗണുകളിലുമായി നടത്തുകയും ആകെ 54 കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

കച്ചവടക്കാർക്ക് ശേഖരിച്ചു സൂക്ഷിക്കാവുന്ന ഭക്ഷ്യസാധനങ്ങളുടെ സ്റ്റോക്കുപരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

(സി) 2002 - ലെ റിമൂവൽ ഓഫ് സ്പെസിഫൈഡ് ഫുഡ് സ്റ്റഫ്സ് ഓർഡറിന്റെ പരിധിയിൽ നിന്നും ഗോതമ്പ്, പയറുവർഗ്ഗങ്ങൾ, അരി, ഭക്ഷ്യഎണ്ണ എന്നീ ഇനങ്ങളെ ഒഴിവാക്കിയതിനാൽ വീണ്ടും ടി സാധനങ്ങൾക്ക് ലൈസൻസ് നിർബന്ധമാക്കുകയും തൽഫലമായി ടി ഇനങ്ങൾക്ക് സ്റ്റോക്ക് പരിധി നിലവിൽ വരുകയും ചെയ്തു. ടി സാധനങ്ങൾക്കുള്ള സ്റ്റോക്കു പരിധി ചുവടെ വിവരിക്കുന്നു.

| ഇനം | മൊത്ത വ്യാപാരി | ചില്ലറ വ്യാപാരി |
|---|---|---|
| ഗോതമ്പ് | 750 ക്വി. | ഒരു സമയം 10 ക്വി വരെ |
| പയറു വർഗ്ഗങ്ങൾ | 750 ക്വി. | ഒരു സമയം 20 ക്വി. വരെ |

| ഇനം | സിറ്റി | മൊത്ത വ്യാപാരി (ക്വി) | ചില്ലറ വ്യാപാരി (ക്വി) |
|---|---|---|---|
| ഭക്ഷ്യഎണ്ണ സീഡ്സ് (ഗ്രൗണ്ട്നട്ട് ഇൻഷെൽ, ജിഞ്ചെല്ലി സീഡ്സും കൊപ്രയും ഉൾപ്പെടെ) | ബി<br>സി | 1000<br>500 | 75<br>50 |
| ഹൈഡ്രോജനേറ്റഡ് വെജിറ്റബിൾ ഓയിൽ ഉൾപ്പെടെയുള്ള എഡിബിൾ ഓയിൽ | ബി<br>സി | 600<br>350 | 15<br>10 |

ചില്ലറ വ്യാപാരിക്ക് അരിയുടെ ഉയർന്ന സ്റ്റോക്ക് പരിധി 50 ക്വി. ആയി നിശ്ചയിച്ചിട്ടുണ്ട്. മൊത്ത വ്യാപാരിക്ക് അരിയുടെ ഉയർന്ന സ്റ്റോക്ക് പരിധി നിശ്ചയിച്ചിട്ടില്ല.

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 173

30. 6. 2008-ൽ മറുപടിയ്ക്ക്

## ട്രോളിംഗ് നിരോധന കാലത്ത് മത്സ്യത്തൊഴിലാളികൾക്കായി ക്ഷേമ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. അബ്ദുൾഖാദർ<br>ശ്രീ.ബാബു എം. പാലിശ്ശേരി<br>ശ്രീ.കെ. സി. രാജഗോപാലൻ<br>ശ്രീ. സാജു പോൾ<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) ട്രോളിംഗ് നിരോധന കാലത്ത് മത്സ്യത്തൊഴിലാളികൾക്കായി ക്ഷേമനടപടികൾ സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് മാർച്ച് ഏപ്രിൽ മേയ്,ജൂൺ മാസങ്ങളിൽ സമ്പാദ്യ ആശ്വാസ പദ്ധതി പ്രകാരമുള്ള തുക വിതരണം ചെയ്യുന്നുണ്ട്. ട്രോളിംഗ് നിരോധനം മൂലം തൊഴിൽ രഹിതരാവുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ ഇക്കാലയളവിൽ നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) കഴിഞ്ഞ ട്രോളിംഗ് നിരോധന കാലത്ത് മത്സ്യത്തൊഴിലാളികൾക്കായി എന്തെല്ലാം ആശ്വാസ നടപടികളാണ് നടപ്പാക്കിയത്; | ബി) 2007-ലെ ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ രഹിതരായ മത്സ്യത്തൊഴിലാളികൾക്കും ഫിഷിംഗ് ഹാർബറുകളിലെ അനുബന്ധത്തൊഴിലാളികൾക്കും പീലിംഗ് ഷെഡ്ഡുകളിലെ തൊഴിലാളികൾക്കും ജൂൺ 15 മുതൽ ജൂലൈ 31 വരേയും പത്ത് കുതിര ശക്തിയിൽ കൂടുതൽ ശേഷിയുള്ള എൻജിൻ ഘടിപ്പിച്ച മത്സ്യബന്ധന യാനങ്ങളിലെ പരമ്പരാഗതമത്സ്യത്തൊഴിലാളികൾക്ക് ജൂൺ 15 മുതൽ ഒരാഴ്ചക്കാലവും റേഷൻ സൗജന്യമായി വിതരണം ചെയ്തിരുന്നു. കൂടാതെ സമ്പാദ്യസമാശ്വാസ പദ്ധതി പ്രകാരമുള്ള തുകയും വിതരണം ചെയ്തിട്ടുണ്ടായിരുന്നു. |
| സി) മത്സ്യത്തൊഴിലാളികൾക്ക് ഇപ്രാവശ്യം സൗജന്യ റേഷൻ നൽകാൻ നടപടി സ്വീകരിക്കുമോ; | സി) നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഡി) മത്സ്യത്തൊഴിലാളികൾക്ക് ഇക്കാലത്തേയ്ക്കായി പ്രത്യേക വായ്പാ പദ്ധതികൾ ആവിഷ്കരിക്കുമോ? | ഡി)ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ -174 30/6/2008-ൽ മറുപടിക്ക്

## കന്നുകാലിപ്രജനന നയം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.രാജാജി മാത്യു തോമസ്<br>ശ്രീ.എ.കെ.ചന്ദ്രൻ<br>ശ്രീ.കെ.അജിത്<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ. എൻ.അനിരുദ്ധൻ | | ശ്രീ.സി.ദിവാകരൻ(ബഹു:ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് കന്നുകാലി പ്രജനന നയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഈ നയത്തിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാം; | എ) | ഉണ്ട്.കേരളത്തിലെ കന്നുകാലി സമ്പത്തിന്റെ ജനിതക വൈവിദഗ്ദ്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടി, ഇന്ത്യയിലെ മുന്തിയ പാലുൽപ്പാദനം തരുന്ന ഇനങ്ങളായ സഹിവാൾ പോലുള്ളവയിൽ വിദേശ ജനുസ്സിലുള്ള കാളകളുടെ ബീജം ഉപയോഗിച്ച് ഒന്നാം തലമുറയിലെ ( $F_1$) വിത്തുകാളകളെ ഉൽപ്പാദിപ്പിക്കുകയും അവയുടെ ബീജവും പ്രജനന പരിപാടികൾക്കായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതിനു വേണ്ടിയുള്ള നിർദ്ദേശങ്ങളാണ് ''കന്നുകാലി പ്രജനന നയം 2008 '' -ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കന്നുകാലി പ്രജനന നയം 2008 പ്രസക്ത ഭാഗങ്ങൾ ഉള്ളടക്കം ചെയ്യുന്നു. |

| | | | |
|---|---|---|---|
| ബി) | ഈ നയം നടപ്പാക്കാൻ ഒരു അതോറിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ ഈ അതോറിറ്റിയുടെ കർത്തവ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | ബി) | ഉണ്ട്. കൃത്രിമ ബീജാധാനവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും, നിയന്ത്രിക്കുന്നതിനുമാണ് ഈ അതോറിറ്റി രൂപവൽക്കരിച്ചിരിക്കുന്നത്. ബീജമാത്രകൾ , മൃഗങ്ങൾ , ഭ്രൂണം, ഇവയുടെ ഇറക്കുമതി, ബീജമാത്രകളുടെ ഗുണനിലവാര പരിശോധന, വിത്തുകാളകളുടടെയും ബീജമാത്രകളുടേയും നിലവാരം, സർട്ടിഫിക്കേഷൻ കൃത്രിമ ബീജധാനം, സാങ്കേതിക വിഭാഗത്തിന്റെ ലൈസൻസിംഗ്, പ്രജനന നയം നടപ്പിലാക്കൽ, നിരീക്ഷണം ഇവയാണ് ഈ അതോറിറ്റിയുടെ കർത്തവ്യങ്ങൾ |
| സി). | കന്നുകാലി വളർത്തലിൽ ഉണ്ടാകുന്ന നഷ്ടംമൂലം കർഷകർ ഈ തൊഴിൽ ഉപേക്ഷിച്ചു പോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിലുള്ളവരെ ഈ രംഗത്ത് ഉറപ്പിച്ചു നിർത്തുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കി വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ? | സി) | ക്ഷീര കർഷകർ കറവ തീരുന്ന പശുക്കളെ വിൽക്കുന്നതായി കണ്ടു വരുന്നു. ഈ രംഗത്ത് കർഷകരെ ഉറപ്പിച്ചു നിർത്തുന്നതിനായി ക്ഷീര കർഷക ക്ഷേമനിധി പദ്ധതികൾ, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, പശുഗ്രാമം, മിൽക്ക്ഷെഡ് ഡെവലപ്പമെന്റ് പദ്ധതി, വിദർഭ മാതൃക പാക്കേജ്, ആർ.കെ.വി.വൈ വഴിയുള്ള പശു വളർത്തൽ പദ്ധതി , വ്യാപകമായ തീറ്റപ്പുൽ കൃഷി മുതലായ പദ്ധതികൾ, ഗുണമേന്മയുള്ള സബ്സിഡിയോടു കുടി കാലിത്തീറ്റ വിതരണ പദ്ധതി പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, ഇൻഷ്വറൻസ് പദ്ധതിയായ ഗോസുരക്ഷ പദ്ധതി , ഗോരക്ഷാ പദ്ധതി, സൗജന്യ കൃത്രിമ ബീജധാനം തുടങ്ങിയവ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

# കന്നുകാലി പ്രജനന നയം - 2008

കേരളത്തിലെ കന്നുകാലി പ്രജനന നയം വിലയിരുത്തുവാനും ഭേദഗതി വരുത്തുവാനുമായി രൂപീകൃതമായ കമ്മറ്റി, 2008 ലെ കന്നുകാലി പ്രജനന നയം, 1998 ലെ ശുപാർശകളുടേയും കണ്ടെത്തലുകളുടേയും അടിസ്ഥാനത്തിൽ താഴെപ്പറയുന്ന രീതിയിൽ സംഗ്രഹിക്കുന്നു.

1. ക്ഷീരോൽപ്പാദന മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ക്ഷീര കർഷകരുൾപ്പെടുന്ന സമിതികളുടേയും വിദഗ്ദ്ധരുടേയും പ്രതികരണങ്ങളും, ആ മേഖലയുടെ പ്രവർത്തനങ്ങളുടെ വിവിധ വശങ്ങൾ പരിഗണിച്ചുകൊണ്ടും, വിദേശ കന്നുകാലി ജനുസ്സുകളായ ജേഴ്സിയും ഹോൾസ്റ്റീൻ ഫ്രീഷ്യനും മാത്രമേ പ്രജനന നയത്തിനുവേണ്ടിയുള്ള ബീജദാതാക്കളായി തുടർന്നും ഉപയോഗിക്കുവാൻ അനുവദിക്കാവു എന്ന് ശുപാർശ ചെയ്യുന്നു. സന്തതികളുടെ വിദേശ പരമ്പരാർജ്ജനീയത അടിസ്ഥാനമാക്കി, ജേഴ്സിയുടേയും ഹോൾസ്റ്റീൻ ഫ്രീഷ്യന്റേയും പ്രത്യേകം പ്രത്യേകം സുനന്ദിനി തായ്‌വഴികൾ വികസിപ്പിച്ചെടുക്കേണ്ടതാണ്. ഈ രണ്ടു വ്യത്യസ്ത സുനന്ദിനി തായ്‌വഴികൾ തമ്മിൽ ബീജസങ്കലനം നടത്താതിരിക്കുവാൻ കർഷകരെ ബോധവൽക്കരിക്കുകയും അവരുടെ സഹകരണം തേടുകയും ചെയ്യേണ്ടതാണ്. വിത്തുകാളകളെ ഉണ്ടാക്കുവാനുപയോഗിച്ച വിദേശ ജനുസ്സുകളെ അടിസ്ഥാനമാക്കി, ബീജാധാനകേന്ദ്രങ്ങളിൽ നിന്നും ബീജം തെരഞ്ഞെടുക്കുവാൻ കൃഷിക്കാരന് അവസരമുണ്ടാക്കുക.
2. ചെറുകിട ക്ഷീരകർഷകരുടെ കാലിസമ്പത്തിൽ വിദേശപരമ്പരാർജ്ജനീയത 50% മായി നിലനിർത്തുക. എന്നാൽ നല്ല വിഭവശേഷിയുള്ള കൃഷിക്കാർക്കും, വ്യാവസായികാടിസ്ഥാനത്തിലോ അല്ലാതെയോ ഡയറിഫാമുകൾ നടത്തുന്നവർക്കും, ഉയർന്ന ജനിതകശേഷിയുള്ള ശുദ്ധ ജനുസ്സിൽപ്പെട്ട

ഹോൾസ്റ്റീൻ ഫ്രീഷ്യൻ വിത്തുകാളകളുടെ ബീജം മൃഗസംരക്ഷണ വകുപ്പിന്റേയും കെ.എൽ.ഡി. ബോർഡിന്റെയും വിദഗ്ദ്ധ നിരീക്ഷണത്തിൽ നൽകുക. കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന ക്ഷീരധാര, ഗോരേഖ പദ്ധതികളിൽ തെരഞ്ഞെടുക്കപ്പെട്ട ഉൽപ്പാദനശേഷികൂടിയ പശുക്കൾക്ക്, ശുദ്ധ വിദേശ ജനുസ്സുകളിൽ പെടുന്ന കാളകളുടെ ബീജം തന്നെ ലഭ്യമാക്കുക. സംസ്ഥാനത്തെ കന്നുകാലി പ്രജനന പരിപാടികൾക്ക് കേരള കന്നുകാലി വികസന ബോർഡ് ലഭ്യമാക്കുന്ന ബീജം തന്നെ ഉപയോഗിക്കേണ്ടതും അത് മൃഗസംരക്ഷണ വകുപ്പിന്റെ മേൽനോട്ടത്തിൽ തന്നെ നടത്തേണ്ടതുമാണ്.

3. വിത്തുകാളകളുടെ നിലവിലുള്ള തെരഞ്ഞെടുപ്പു പദ്ധതി, താഴെ പറയുന്ന ഭേദഗതികളോടെ തുടരുന്നതിന് കമ്മിറ്റി ശുപാർശ ചെയ്യുന്നു.

എ) സംസ്ഥാനത്ത് സാദ്ധ്യമാകുന്ന സ്ഥലങ്ങളിലെല്ലാം തന്നെ പ്രോജനി ടെസ്റ്റിംഗ് സ്കീമിന്റെ ഫീൽഡ് പെർഫോർമൻസ് രേഖപ്പെടുത്തുന്ന പദ്ധതി വ്യാപകമാക്കുക.

ബി) വിത്തുകാളകളുടെ പ്രജനനമൂല്യം വിലയിരുത്തുന്നതിന് BLUP അല്ലെങ്കിൽ അനിമൽ മോഡൽ പോലെയുള്ള നൂതന രീതികൾ അവലംബിക്കുക.

സി) വിത്തുകാളകളെ തെരഞ്ഞെടുക്കുമ്പോൾ പാലിന്റെ ഗുണമേന്മ നിശ്ചയിക്കുന്ന ഘടകങ്ങളായ കൊഴുപ്പ് മുതലായവയുടെ അനുപാതത്തിനു കൂടുതൽ പ്രാധാന്യം കൊടുക്കുക.

ഡി) വിത്തുകാളകളെ തെരഞ്ഞെടുക്കുമ്പോൾ അവയുടെ അമ്മയുടെ അകിടിന്റെ സവിശേഷത, വലിപ്പം, സമതുലനാവസ്ഥ എന്നിവ കൂടി കണക്കിലെടുക്കേണ്ടതാണ്.

4. കേരളത്തിലെ കന്നുകാലി സമ്പത്തിന്റെ ജനിതക വൈവിദ്ധ്യം വർദ്ധിപ്പിക്കുന്നതിന് വേണ്ടി, ഇന്ത്യയിലെ, മുന്തിയ പാലുൽപ്പാദനം തരുന്ന ഇനങ്ങളായ സഹിവാൾ പോലുള്ളവയിൽ വിദേശ ജനുസ്സിലുള്ള

കാളകളുടെ ബീജം ഉപയോഗിച്ച് ഒന്നാം തലമുറയിലെ ($F_1$) വിത്തുകാളകളെ ഉൽപ്പാദിപ്പിക്കുകയും, അവയുടെ ബീജവും പ്രജനന പരിപാടികൾക്കായി ഉപയോഗപ്പെടുത്തുകയും ചെയ്യുക.

5. രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും, കേരളത്തിലേതിന് സമാനമായ കാലാവസ്ഥയിലും ഭൂപ്രകൃതിയിലും ഉള്ള സ്ഥലങ്ങളിൽ നല്ല പ്രകടനം കാഴ്ചവച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുള്ള ഉന്നത ജനിതക നിലവാരമുള്ള സങ്കരവർഗ്ഗ വിത്തുകാളകളുടെ ബീജം ഉപയോഗപ്പെടുത്തുക.

6. പ്രജനനത്തിനുപയോഗിക്കുന്ന ഒന്നാം തലമുറയിലുള്ള ($F_1$) സങ്കരയിനം കാളകളെ ഉൽപ്പാദിപ്പിക്കാനുപയോഗിക്കുന്ന വിദേശ ജനുസ്സിൽപ്പെട്ട കാളകളിൽ 20% ത്തെ വർഷം തോറും മാറ്റി, ജനിതകപരമായി ബന്ധമില്ലാത്തതും എന്നാൽ ഉയർന്ന ഗുണമേന്മയുള്ളവയുമായ പുതിയ കാളകളെ ഉപയോഗിച്ച് പുനസ്ഥാപിക്കേണ്ടതാണ്. ഇങ്ങനെ പുതുതായി കൊണ്ടുവരുന്ന കാളകളിൽ ജേഴ്സിക്ക് പാലിലെ ഏറ്റവും കുറഞ്ഞ കൊഴുപ്പുനിലവാരം 4% വും, ഹോൾസ്റ്റീൻ ഫ്രീഷ്യന് 3.8 % വും ഉണ്ടായിരിക്കുമെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

7. ഭാവിയിലെ വിത്തുകാളകളായി ഉപയോഗിക്കുവാൻ വേണ്ടി കെ.എൽ.ഡി.ബോർഡ് ഉൽപ്പാദിപ്പിക്കുന്നതോ, കർഷകരുടെ ഇടങ്ങളിൽ നിന്ന് വാങ്ങുന്നതോ ആയ എല്ലാ മൂരിക്കുട്ടികളുടേയും പൈതൃക ഗുണം, തന്മാത്രിക സാങ്കേതിക പരിശോധനയിലൂടെ (Melecular Technology) തിട്ടപ്പെടുത്തേണ്ടതാണ്.

8. സംസ്ഥാനത്തിന് വേണ്ട വിത്തുകാളകളെ ഉൽപ്പാദിപ്പിക്കുന്നതിന്, ഭ്രൂണമാറ്റ സാങ്കേതിക വിദ്യയും ശക്തിപ്പെടുത്തേണ്ടതാണ്. ഇതിനായി ഫാമുകളിലെ പശുക്കളിൽ, വിത്തുകാളയുൽപ്പാദനത്തിന് വേണ്ട ഗുണമേന്മ പോരാത്തവയെ ഭ്രൂണ സ്വീകർത്താക്കളായി ഉപയോഗിക്കാവുന്നതാണ്.

സംസ്ഥാനത്തെ പാലുൽപ്പാദന ശേഷികുറഞ്ഞവയേയും, ആദ്യ പ്രസവത്തിന് കാലവിളംബം വരുത്തുന്നതുമായ സുനന്ദിനി പശുക്കളെ യഥാക്രമം 2%, 1% എന്ന തോതിൽ ഓരോ വർഷവും നീക്കം ചെയ്യേണ്ടതാണ്. ഇപ്രകാരം നീക്കം ചെയ്യപ്പെടുന്നവയുടെ സ്ഥാനത്ത് ഫാമുകളിലേയും കർഷകരുടെ ഇടങ്ങളിലേയും ഉന്നത നിലവാരം പുലർത്തുന്ന പശുക്കളിൽ ഗുണമേന്മ ഉറപ്പു വരുത്തിയിട്ടുള്ള കാളകളുടെ ബീജം കുത്തിവെച്ചിട്ടുണ്ടാക്കുന്ന പശുക്കുട്ടികളെ, ഉപയോഗിക്കണം. ഗുണമേന്മ കുറഞ്ഞവയെ നീക്കം ചെയ്യാൻ താൽപ്പര്യമുള്ള കർഷകർക്ക് മുൻഗണന നൽകി അവർക്ക് ഇത്തരം പശുക്കുട്ടികളെ ലഭ്യമാക്കി അവരുടെ നഷ്ടം നികത്തേണ്ടതാണ്.

10 സംസ്ഥാനത്തെ കൃത്രിമ ബീജാധാനകേന്ദ്രങ്ങളുടെ പരിധിയിലുള്ള ഉൽപ്പാദനക്ഷമത കൂടിയ എല്ലാ പശുക്കളേയും ഗോരേഖ പദ്ധതിയിൽ ഉൾപ്പെടുത്തി അവയ്ക്ക് ഉൽപ്പാദനക്ഷമത ഉറപ്പുവരുത്തിയ കാളകളുടെ ബീജം (പ്രീമിയം ബുൾ സെമൻ) ലഭ്യമാക്കുക. കന്നുകാലി വികസന ബോർഡോ, മൃഗസംരക്ഷണ വകുപ്പോ അപ്രകാരം പശുക്കളെ കണ്ടെത്തുകയും, അവയ്ക്ക് നല്ല മേൽനോട്ടവും മെച്ചപ്പെട്ട പരിരക്ഷയും ലഭിക്കുന്നുണ്ടെന്ന് ബോദ്ധ്യമാവുകയും ചെയ്താൽ ഈ പശുക്കൾക്ക് ശുദ്ധ വിദേശ ജനുസ്സ് കാളകളുടെ ബീജം ലഭ്യമാക്കാവുന്നതാണ്.

11. വ്യാവസായിക/അർദ്ധ വ്യാവസായികാടിസ്ഥാനത്തിൽ പുതുതായി തുടങ്ങുന്ന ഡയറിഫാമുകൾക്ക് സാങ്കേതിക സഹായവും ഉന്നതനിലവാരമുള്ള പ്രജനനോപാധികളും ലഭ്യമാക്കേണ്ടതാണ്.

12. പ്രജനന പ്രവർത്തനങ്ങളിലെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത്, കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, ഇടുക്കി, പാലക്കാട് എന്നീ ജില്ലകൾ ഉൾപ്പെടുന്ന മേഖലയിൽ കൂടുതൽ ശ്രദ്ധയും ഊർജ്ജിത ശ്രമവും ചെലുത്തി, ആ മേഖലയെ പുരോഗമിപ്പിക്കേണ്ടതാണ്.

12. സംസ്ഥാനത്തെ ബീജവിതരണ ശൃംഖലയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും, ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുമായി, ബീജാധാന കേന്ദ്രങ്ങളുടെ എണ്ണം ഘട്ടംഘട്ടമായി കുറച്ചുകൊണ്ടു വരികയും, പാഴ്ച്ചിലവുകൾ ഒഴിവാക്കി ആ തുക കൂടുതൽ കന്നുകാലി ക്ഷേമപ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുകയും ചെയ്യുക.

14. കൃത്രിമ ബീജാധാന മേഖലയിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, ഇടുക്കി, പാലക്കാട് ഉൾപ്പെട്ട മേഖലയിലെ ബീജാധാന കേന്ദ്രങ്ങൾ, കൃഷിക്കാർക്ക് എത്തിച്ചേരുവാൻ പാകത്തിൽ അടുത്തുള്ള സ്ഥലങ്ങളിലേയ്ക്കായി പുനക്രമീകരിക്കുക. ബീജാധാന കേന്ദ്രങ്ങളുടെ കുറവ് നികത്തുവാനായി കേന്ദ്രങ്ങൾ കൂടുതലുള്ള മറ്റ് ജില്ലകളിൽ നിന്ന് കേന്ദ്രങ്ങൾ കുറവുള്ള ജില്ലകളിലേയ്ക്ക്, കേന്ദ്രങ്ങൾ പുനർവിന്യസിപ്പിക്കുക.

15. കർഷകരുടെ സൗകര്യങ്ങളും സാമ്പത്തിക ലാഭവും കണക്കിലെടുത്തുകൊണ്ട് കൃത്രിമ ബീജാധാന സൗകര്യങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

16. സർക്കാർ മേഖലയിലേയും സ്വകാര്യ മേഖലയിലേയും കൃത്രിമ ബീജാധാന സാങ്കേതിക വിഭാഗത്തിന്, ഓരോ മൂന്ന് വർഷം കൂടുമ്പോഴും, റിഫ്രഷർ പരിശീലനം നിർബന്ധമാക്കുക.

17. കൃത്രിമ ബീജാധാന കേന്ദ്രങ്ങൾക്ക് വിതരണം ചെയ്യുന്നതിന് മുമ്പ് തന്നെ, പ്രാദേശിക സെമൻ ബാങ്കുകളിൽ വച്ച്, ബീജമാത്രകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്ന പരിശോധന കർശനമായിതന്നെ തുടരുക. കൃത്രിമ ബീജാധാന കേന്ദ്രങ്ങളിൽ കൃത്യസമയം ഇടവിട്ട് ബീജമാത്രകളുടെ സാമ്പിളുകൾ എടുത്ത് അവയിലെ അണുബാധ, ബീജാണുക്കളുടെ ചലനശേഷി എന്നിവ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തുന്നത് കർശനമാക്കുക.

18. പ്രജനന നയത്തിൽ പരാമർശിച്ചിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ കൃത്യമായി നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി എല്ലാ നിയമാധികാരങ്ങളോടും കൂടിയ ഒരു സംസ്ഥാനതല നിയന്ത്രണ അതോറിറ്റി രൂപീകരിക്കുവാൻ ശുപാർശ ചെയ്യുന്നു. ഭ്രൂണം, വിത്തുകാള, ബീജം എന്നിവയുടെ ഇറക്കുമതി, ബീജമാത്രകളുടെ ഗുണനിലവാരപരിശോധന, ഭ്രൂണം, വിത്തുകാള, ബീജം എന്നിവയുടെ നിലവാര നിർണ്ണയം, അവയുടെ സർട്ടിഫിക്കേഷൻ, കൃത്രിമ ബീജാധാന വിദഗ്ദ്ധന്മാർക്കുള്ള ലൈസൻസ് വിതരണം, പ്രജനന നയം നടപ്പാക്കൽ, ഉൾപ്പെടെ സംസ്ഥാനത്തെ കൃത്രിമ ബീജാധാനവുമായി ബന്ധപ്പെട്ട എല്ലാ നടപടികളും ഈ അതോറിറ്റി നിരീക്ഷിക്കേണ്ടതും പരിശോധിക്കേണ്ടതുമാണ്. മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറി ചെയർമാനായുള്ള ഈ അതോറിറ്റിയിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറും, ക്ഷീരവികസന വകുപ്പ് ഡയറക്ടറും, കെ.എൽ.ഡി.ബോർഡ് മാനേജിംഗ് ഡയറക്ടറും കേരള കാർഷിക സർവ്വകലാശാലയിലെ ഒരു ജനിതക ശാസ്ത്രജ്ഞനും അംഗങ്ങളായിരിക്കണം.

19 സംസ്ഥാനത്ത് ഉപയോഗിച്ചു വരുന്ന വിത്തുകാളകൾക്ക് ലൈസൻസ് നൽകാനും പ്രജനനത്തിന് അനുയോജ്യമല്ലാത്ത വിത്തുകാളകളെ വന്ധീകരിക്കാനുമുള്ള സത്വര നടപടികൾ സംസ്ഥാനതല നിയന്ത്രണ അതോറിറ്റി കൈക്കൊള്ളേണ്ടതാണ്.

20 ബീജാധാന കേന്ദ്രങ്ങളിൽ നിന്ന് വിതരണം ചെയ്യുന്ന ബീജമാത്രകളുൾപ്പാദിപ്പിച്ച വിത്തുകാളകളുടെ ജനിതക പാരമ്പര്യം വ്യക്തമാക്കുന്ന വിവരങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്ന രീതി തുടരുക. കർഷകന് തന്നെ ബീജാധാന കേന്ദ്രങ്ങളിൽ ലഭ്യമായ ബീജമാത്രകളിൽ നിന്നും ഗുണമേന്മയുടെ അടിസ്ഥാനത്തിൽ ബീജം തെരെഞ്ഞെടുക്കുവാനുള്ള അവസരം നല്കുക.

21. ബീജോൽപ്പാദന കേന്ദ്രങ്ങളുടെ എല്ലാ പ്രവർത്തന

ങ്ങളും കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുള്ള മിനിമം നിലവാരം നിലനിർത്തി മാത്രം നടത്തുക.

22. കൃഷിക്കാരെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി കൃത്യ സമയത്ത് കൃത്രിമ ബീജാധാനം നടത്തേണ്ടതിന്റെ ആവശ്യകതയേയും, സഞ്ചരിക്കുന്ന കൃത്രിമ ബീജാധാന പരിപാടിയെക്കുറിച്ചുമുള്ള ബോധവൽക്കരണ പരിപാടികൾ ഉൾപ്പെടുന്ന ദൃശ്യ ചിത്രങ്ങൾ ടെലിവിഷനിലൂടെ സംപ്രേഷണം ചെയ്യുക.

23. പശുക്കളുടെ ജനിതക മേന്മ പരമാവധി പ്രയോജനപ്പെടുത്താൻ തക്കവിധം, ശാസ്ത്രീയമായതും നൂതനരീതിയിലുള്ളതുമായ കന്നുകാലിവളർത്തലിൽ കൃഷിക്കാരെ ബോധവൽക്കരിക്കുന്ന പരിശീലനപരിപാടികൾക്ക് രൂപം കൊടുക്കുക.

24. തീറ്റപ്പുൽ ഉൽപ്പാദനം സംസ്ഥാനത്ത് വേണ്ടവിധത്തിൽ വ്യാപകമായിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ തീറ്റപ്പുൽ ഉൽപ്പാദനം ശക്തിപ്പെടുത്തുക. ഗുണമേന്മയുള്ള കാലിത്തീറ്റ തടസ്സമില്ലാതെ കർഷകർക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

25. സംസ്ഥാനത്തെ എല്ലാ പശുക്കുട്ടികളേയും പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ കീഴിൽ കൊണ്ടുവരിക. കൂടാതെ പ്രോജനി ടെസ്റ്റിംഗ് ചെയ്യുന്ന സ്ഥലങ്ങളിലുണ്ടാകുന്ന എല്ലാ പശുക്കുട്ടികളേയും ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്ന വിധത്തിൽ ആ പദ്ധതി വിപുലീകരിക്കുക.

26. കാലികളുടെ വന്ധ്യതാ നിർമ്മാർജ്ജന പരിപാടി ശക്തമാക്കിക്കൊണ്ട് അവയുടെ ഉൽപ്പാദന ക്ഷമത കൂട്ടുക.

27 ഉന്നത ജനിതക മൂല്യമുള്ള കന്നുകാലികളുടെ ഒരു ഹെർഡ് ബുക്ക് ഉരുത്തിരിച്ചെടുക്കുകയും, ബ്രീഡേഴ്സ് അസ്സോസ്സിയേഷൻ രൂപീകൃതമാക്കുന്ന വിധത്തിൽ ഗോരേഖ പദ്ധതി ശക്തിപ്പെടുത്തുകയും തുടരുകയും വേണം. ഈ പദ്ധതിയിൽ കണ്ടെത്തി

യിട്ടുള്ള പശുക്കളെ, ഉൽപ്പാദനക്ഷമത കുറഞ്ഞ പശുക്കളെ നീക്കം ചെയ്യുന്നതിന് പകരമായി ഉപയോഗിക്കുകയും, അവയ്ക്ക് പ്രീമിയം ബുൾ സെമൻ ഉപയോഗിച്ച് ബീജാധാനം നടത്തുകയും വേണം.

28. വളർത്താനുള്ള ബുദ്ധിമുട്ടും, ഗുണമേന്മയുള്ള എരുമകളെ ലഭിക്കാത്തതിനാലും, എരുമ വളർത്തലിൽ കൃഷിക്കാർക്കുള്ള പ്രതിപത്തി കുറയുന്നത് പരിഗണിച്ച് മുറ യിനത്തിൽപ്പെട്ട ഉന്നത ഗുണമേന്മയുള്ള പോത്തുകളെ അവയുടെ സ്വാഭാവിക മേഖലയിൽ നിന്നും വാങ്ങി ഇപ്പോൾ നിലവിലുള്ള എരുമ സമ്പത്തിനെ പുഷ്ടിപ്പെടുത്താനുള്ള വർഗ്ഗോദ്ധാരണ പരിപാടി ക്കായി ഉപയോഗിക്കുന്നത് തുടരുക. കെ. എൽ.ഡി.ബോർഡും മൃഗസംരക്ഷണ വകുപ്പും കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെയും ഉപദേശത്തോടെയും നാടൻ എരുമകളുടെ സംരക്ഷണ പദ്ധതികൾ തുടങ്ങുക.

29 ആടുകളിലെ പ്രജനനം ശക്തിപ്പെടുത്തുന്നതിന് വേണ്ടി ഉയർന്ന ഗുണമേന്മയുള്ള മുട്ടനാടുകളേയും പെണ്ണാടുകളേയും വിതരണം ചെയ്യുകയും ആടുകളിലെ കൃത്രിമ ബീജാധാന പരിപാടി വ്യാപിപ്പിക്കുകയും ചെയ്യേണ്ടതാണ്. മലബാറി ആടുകളുടെ പ്രകടനങ്ങൾ രേഖപ്പെടുത്തുന്ന പരിപാടിയും (Performance Recording ) വർഗ്ഗോദ്ധാരണ പരിപാടികളും തുടരുക.

30. സംസ്ഥാന മൃഗസംരക്ഷണ വകുപ്പും കെ.എൽ.ഡി. ബോർഡും സംയുക്തമായി സഹകരിച്ച് സംസ്ഥാനത്തെ എല്ലാ കന്നുകാലി വർഗ്ഗത്തിലേയും നാടൻ ജനുസ്സുകളുടെ സംരക്ഷണ പരിപാടി ശക്തിപ്പെടുത്തേണ്ടതാണ്. ഇതോടനുബന്ധിച്ചുള്ള ഗവേഷണ പരിപാടികൾ കേരള കാർഷിക സർവ്വകലാശാല നടപ്പിലാക്കേണ്ടതാണ്.

31 ക്ഷീരോൽപ്പാദനവുമായി ബന്ധപ്പെട്ട എല്ലാ ഏജൻസികളും, ഉൽപ്പാദനവുമായി ബന്ധപ്പെട്ട് കണ്ടു വരുന്ന പ്രശ്നങ്ങളിൽ കേരള കാർഷിക സർവ്വകലാ

ശാലയുമായും സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസുമായും ബന്ധപ്പെട്ട് അവയ്ക്കുള്ള പരിഹാരങ്ങൾ തേടേണ്ടതാണ്. താഴെപ്പറയുന്ന ഗവേഷണ വികസന പരിപാടികൾ ഏറ്റെടുക്കേണ്ടതാണ്.

1. വിവിധ ജനുസ്സുകളിൽപ്പെടുന്ന സങ്കരയിനം പശുക്കളുടെ പാലിന്റെ ഘടനാ പഠനം
2. വിവിധ ജനുസ്സുകളിൽപ്പെടുന്ന സങ്കരയിനം പശുക്കൾക്ക് വിവിധ പരിസ്ഥിതികളുമായി ഇണങ്ങിച്ചേരാനുള്ള കഴിവിന്റെ താരതമ്യ പഠനം
3. കേരളത്തിലെ വെച്ചൂർ പശു, തീരദേശ കന്നുകാലി ഇനങ്ങൾ, കുട്ടനാടൻ എരുമ, കാസർഗോഡ് ഡ്വാർഫ് എന്നിവയുടെ പ്രാദേശിക ജനിതക ശേഖരത്തിനുള്ള സാധ്യതയും അവയുടെ തന്മാത്രിക സവിശേഷതകളുടേയും പഠനം.
4. കേരളത്തിന്റെ വിവിധ കാലാവസ്ഥയിലും ഭൂപ്രകൃതിയിലും കൃഷി സംപ്രദായത്തിലും ആദായകരമായ പാലുൽപ്പാദനത്തിന്റെ വരവുചെലവു താരതമ്യ പഠനം
5. വിവിധ ജനിതക വർഗ്ഗത്തിൽ പെടുന്ന സങ്കരയിനം കന്നുകാലികളുടെ, വിവിധ കൃഷിയിടങ്ങളിലെയും, സാഹചര്യങ്ങളിലേയും ഉൽപ്പാദനക്ഷമതയെപ്പറ്റിയുള്ള താരമത്യ പഠനം
6. കൃഷിക്കാരന്റെ വീക്ഷണത്തിൽ, കേരളത്തിലെ എരുമകളുടെ എണ്ണത്തിലെ ക്രമാനുഗതമായ കുറവിന്റെ കാരണങ്ങളെക്കുറിച്ചുള്ള പഠനം.
7. കേരളത്തിലെ ഫാമുകളിലേയും കർഷകരുടെ ഇടങ്ങളിലേയും കന്നുകാലി സമ്പത്തിൽ വന്നിട്ടുള്ള ജനിതക അടുപ്പത്തിന്റെ (അന്തഃ പ്രജനനം) അളവിന്റേയും ഉൽപ്പാദനത്തിൽ അവ പ്രത്യാഘാതം ഉണ്ടാക്കിയിട്ടുണ്ടോ എന്നുമുള്ള പഠനം.
8. ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള തീറ്റപ്പുൽ ഇനങ്ങളെപ്പറ്റിയും അവയുടെ കൃഷി രീതി വികസിപ്പിച്ചെടുക്കുവാനുമുള്ള പഠനം.

7-16

[signature]

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.175 | 30.6.2008 ൽ മറുപടിയ്ക്ക്

**<u>മൃഗാശുപത്രികളുടെ പ്രവർത്തനം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി. രാജഗോപാലൻ:<br>ശ്രീ.മുരളി പെരുനെല്ലി:<br>ശ്രീ. എം.ജെ. ജേക്കബ്:<br>ശ്രീ. എസ്. രാജേന്ദ്രൻ:<br>ശ്രീ. കെ.ടി. ജലീൽ: | ശ്രീ.സി. ദിവാകരൻ<br>(ബഹു.ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി). |
| (എ) മൃഗാശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) ഐ.വി.ആർ.ഐ., എൻ.ഡി.ഡി.ബി, എസ്.ആർ.ഡി.ഡി.എൽ ബാംഗ്ലൂർ പോലുള്ള ഗവൺമെൻറ് സംഘടനകളുമായി ആലോചിച്ച് ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ രോഗനിർണ്ണയസ്ഥാപനങ്ങൾ ശക്തിപ്പെടുത്തും. മൃഗാശുപത്രികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ തുടങ്ങും. ഇതിനാവശ്യമായ മരുന്നും, ഉപകരണങ്ങളും ഫർണ്ണിച്ചറും വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ജി.എം.പി/ജി.എൽ..പി. മാതൃകയിൽ ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സും, റീജിയണൽ ഡിസീസ് ഡയഗ്നോസ്റ്റിക് ലബോറട്ടറികളും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തും. ഇതിലേയ്ക്കായി പാലോട് ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ആഫീസിൽ ഒരു വൈറോളജിലബോറട്ടറി തുടങ്ങുന്നതിന് നിലവിലുള്ള ലാബ് കെട്ടി |

ടത്തെ പുതുക്കി പണിയുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും നടപടി സ്വീകരിച്ചു. ഇതിന് കേന്ദ്ര സർക്കാർ പദ്ധതിയായ അസ്കാഡിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ട് കോഴിക്കോട് ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ ഒരു ഡയഗ്നോസ്റ്റിക് എൻഡോസ്കോപ്പി യൂണിറ്റ് ആരംഭിച്ചു. ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ ജില്ലാ റഫറൽ യൂണിറ്റുകൾ ആക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കേരളത്തിൽ 3 ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ 24 മണിക്കൂറും പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കെട്ടിടം ഇല്ലാത്ത മൃഗാശുപത്രികൾക്ക് കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിച്ചു.

| | | | |
|---|---|---|---|
| (ബി) | മൃഗചികിത്സാരംഗത്ത് ഗവേഷണങ്ങൾ നടത്തുന്നുണ്ടോ; ഏതെല്ലാം സ്ഥാപനങ്ങളിലാണ് ഗവേഷണം നടക്കുന്നത്; | (ബി) | ഉണ്ട്. വെറ്ററിനറി ഡിസ്പെൻസറി, കുരച്ചുണ്ട്, വെറ്ററിനറിഡിസ്പെൻസറി, കായണ്ണ, ക്ളിനിക്കൽ ലാബ്, മലപ്പുറം, കോളേജ് ഓഫ് വെറ്ററിനറി ആൻറ് അനിമൽ സയൻസ്, മണ്ണുത്തി, വെറ്റിനറി ഹോസ്പിറ്റൽ, കൊക്കാലൈ, കോളേജ് ഓഫ് വെറ്ററിനറി ആൻറ് അനിമൽ സയൻസ്, പൂക്കോട്, വെറ്ററിനറി പോളിക്ളിനിക്ക്, തിരുവല്ല എന്നീ സ്ഥാപനങ്ങളിലാണ് ഗവേഷണം നടക്കുന്നത്. |
| (സി) | മൃഗാശുപത്രികളിൽ ആധുനിക ചികിത്സാ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | മൃഗാശുപത്രികളിൽ ആധുനിക ചികിത്സാ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിൻെറ ഭാഗമായി 2007-08 സാമ്പത്തിക വർഷം |

കോഴിക്കോട് ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ 17 ലക്ഷം രൂപ ചെലവഴിച്ച് ഒരു വീഡിയോ എൻഡോസ്കോപ്പി യൂണിറ്റ് സ്ഥാപിച്ചു. മലപ്പുറം കണ്ണൂർ, തിരുവനന്തപുരം എന്നീ ജില്ലകളിലെ വെറ്ററിനറി കേന്ദ്രങ്ങളെ ആധുനീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. 5 ലക്ഷം രൂപാ വീതം ഓരോ സ്ഥാപനത്തിനും വേണ്ടി ചെലവാക്കി

എറണാകുളം, പാലക്കാട് കോഴിക്കോട് എന്നീ ജില്ലകളിലെ ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളെ 24 മണിക്കൂർ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇതിനായി 6 ലക്ഷം രൂപ ചെലവാക്കി കണ്ണൂർ ജില്ലാ വെറ്ററിനറി കേന്ദ്രത്തോടനുബന്ധിച്ച് പേ വിഷബാധ നിർണ്ണയത്തിനുള്ള ഒരു ലബോറട്ടറി 10 ലക്ഷം രൂപ ചെലവിൽ സ്ഥാപിച്ചു. കണ്ണൂർ ജില്ലയിലെ രോഗ പര്യവേക്ഷണ കേന്ദ്രത്തിന്റെ ആധുനീകരണത്തിനായി നടപടികൾ സ്വീകരിച്ചു.

രോഗ നിർണ്ണയ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പാലോട് ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ആഫീസ്, പാലക്കാട് റിൻഡർപെസ്റ്റ് ഇറാഡിക്കേഷൻ ലബോറട്ടറി , തിരുവല്ല പക്ഷി രോഗ ഗവേഷണ ലബോറട്ടറി, കണ്ണൂർ റീജിയണൽ ലബോറട്ടറി എന്നിവിടങ്ങളിൽ ടെലിപത്തോളജി യൂണിറ്റുകൾ സജ്ജമാക്കി. ഇതിനായി

ആകെ 24 ലക്ഷം രൂപ ചെലവായി.

2008-09 സാമ്പത്തിക വർഷത്തിൽ എറണാകുളം, ഇടുക്കി എന്നീ ജില്ലകളിലെ വെറ്ററിനറികേന്ദ്രങ്ങളിൽ മൃഗചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിൻെറ ഭാഗമായി ഓരോ വീഡിയോ എൻഡോസ്ക്കോപ്പി യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്. ഇതിനായി 34 ലക്ഷം വകയിരുത്തിയിട്ടുണ്ട്.

മൃഗചികിത്സാ കേന്ദ്രങ്ങൾ ആധുനികവൽക്കരിക്കുന്നതിൻെറ ഭാഗമായി കോട്ടയം, എറണാകുളം, വയനാട് ജില്ലകളിലെ വെറ്ററിനറി കേന്ദ്രങ്ങൾക്ക് 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

തിരുവല്ലപക്ഷിരോഗ നിർണ്ണയ ലബോറട്ടറിയിൽ ടോക്സിക്കോളജി, മോളിക്കുലർ ബയോളജി, ഫ്ലൂറസൻറ് ആൻറിബോഡി സംവിധാനത്തോടെയുള്ള പേവിഷ നിർണ്ണയ ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് 41.25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) മൃഗസംരക്ഷണത്തിനുള്ള പഠനത്തിനും ഗവേഷണത്തിനുമായി വെറ്ററിനറി യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിൻെറ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ?

(ഡി) വെറ്ററിനറി ആൻറ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി സംസ്ഥാനത്ത് സ്ഥാപിക്കുന്നതിന് 2005 ൽ രൂപീകരിക്കപ്പെട്ട വിദഗ്ദ്ധ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിൻെറ പരിഗണനയിലാണ്.

Omanakumari

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.176** — **30.06.2008 - ൽ മറുപടിയ്ക്ക്**

## സുതാര്യകേരളം പരിപാടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.ശശികുമാർ<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.എം.എം.മോനായി<br>ശ്രീ.എ.പ്രദീപ് കുമാർ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ സുതാര്യകേരളം പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (എ) പൊതുജനങ്ങളുടെ ന്യായമായ പരാതികൾ സമയബന്ധിതമായി പരിഹരിക്കുക എന്നതാണ് മുഖ്യമന്ത്രിയുടെ സുതാര്യകേരളം പരിപാടിയുടെ ഉദ്ദേശ്യം. |
| (ബി) ഈ പരിപാടിയിലൂടെ ഇതുവരെ എത്ര പരാതികൾ കൈകാര്യം ചെയ്തു ; എത്ര എണ്ണത്തിന് പരിഹാരം ഉണ്ടായി; | (ബി) ഈ പരിപാടി ആരംഭിച്ച 1.11.2007 മുതൽ 21.6.2008 വരെ 13,118 പരാതികൾ ലഭിക്കുകയും അതിൽ 10,096 പരാതികൾ പൂർണ്ണമായോ ഭാഗികമായോ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) സുതാര്യകേരളം പരിപാടിയിലൂടെ പരിഹാരം തേടാനുള്ള പരാതികൾ തെരഞ്ഞെടുക്കുന്നത് എങ്ങനെയാണ്; | (സി) ദീർഘകാലമായി പരിഹാരം കാണാതെ കിടക്കുന്നതോ, അടിയന്തിര സ്വഭാവമുള്ളതോ, പൊതുജന പ്രാധാന്യമുള്ളതോ ആയ പരാതികളാണ് ദൂരദർശനിലൂടെ സംപ്രേഷണം ചെയ്യുന്ന സുതാര്യകേരളം ഫോൺ ഇൻ പരിപാടിയിലൂടെ പരിഹാരം തേടാൻ തെരഞ്ഞെടുക്കുന്നത്. |

(തുടർച്ച)

(ഡി) പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് എന്തെല്ലാം സൗകര്യങ്ങൾ നൽകുന്നുണ്ട് ; ഇതിനുള്ള കാൾസെന്ററുകൾ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

(ഡി) സുതാര്യകേരളം പരിപാടിയിൽ പങ്കെടുക്കുന്ന പരാതിക്കാർക്ക് മുഖ്യമന്ത്രിയുമായി നേരിട്ട് പരാതി ബോധിപ്പിക്കുവാനും അതോടൊപ്പം തന്നെ പരാതിയെക്കുറിച്ചുള്ള മറുപടി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും നേരിട്ട് കേട്ടതിനു ശേഷം മുഖ്യമന്ത്രിയുടെ പരിഹാര നിർദ്ദേശവും കേൾക്കുവാനുള്ള അവസരവും നൽകുന്നു. ടെലിഫോൺ വഴി സുതാര്യകേരളം പരിപാടിയിൽ പരാതി രജിസ്റ്റർ ചെയ്യുന്നതിനു വേണ്ടിയാണ് കോൾ സെന്റർ പ്രധാനമായും സ്ഥാപിച്ചിരിക്കുന്നത്. പരാതി പരിഹാര നടപടികൾ കൈക്കൊള്ളുന്നത് മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലിലാണ്. കോൾ സെന്ററിൽ ഇപ്പോൾ പരാതി സ്വികരിക്കുന്നത് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെയാണ്. പൊതുജനങ്ങളുടെ ആവശ്യം കണക്കിലെടുത്ത് ഇത് 24 മണിക്കൂറായി ദീർഘിപ്പിക്കാനും ഇതിനു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

അണ്ടർ സെക്രട്ടറി

പന്ത്രണ്ടാം കേരള നിയമസഭ -- എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.177. 30.6.2008-ൽ മറുപടിയ്ക്ക്

## തീരദേശവികസന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. ബി.ബാബു പ്രസാദ് : | ശ്രീ. എസ്. ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് തീരദേശ വികസനത്തിന്റെ ഭാഗമായി എന്തൊക്കെ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; | (എ) സംസ്ഥാന തീരദേശ വികസനത്തിന്റെ ഭാഗമായി നിലവിൽ 'സമഗ്ര തീരദേശ വികസന പദ്ധതി' ആവിഷ്ക്കരിച്ചുനടപ്പാക്കി വരുന്നു. തീരദേശ ജില്ലകൾ തോറും നടപ്പാക്കുന്ന ഈ പദ്ധതിയിൽ 2007-08-ൽ 627 ലക്ഷം രൂപ കാസർഗോഡ് ജില്ലയ്ക്ക് സർക്കാർ അനുവദിച്ചുനൽകിയിരുന്നു. പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) ഇതിനായി ഈ വർഷം എത്രകോടി രൂപയുടെ പ്രവർത്തനങ്ങൾ നടത്തുമെന്ന് വെളിപ്പെടുത്തുമോ ; | (ബി) സമഗ്ര തീരദേശവികസന പദ്ധതിയ്ക്കായി 2008-09 ലേക്ക് സർക്കാർ 540 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ആർ.ഐ.ഡി.എഫ്. സ്കീമിൽ തീരദേശ അടിസ്ഥാനസൗകര്യ വികസനത്തിനായി 500 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (സി) ഇതിന്റെ ഭാഗമായി ഈ വർഷം എന്തൊക്കെ വികസനപ്രവർത്തനങ്ങൾ പ്രാവർത്തികമാക്കും ; | (സി)<br>1. കുടിവെള്ള വിതരണ പദ്ധതികൾ<br>2. റോഡുകൾ<br>3. ഫിഷ് ലാൻഡിംഗ് സെന്ററുകൾ<br>4. ഫിഷറീസ് സ്കൂളുകളുടെ നവീകരണം |

| | |
|---|---|
| | 5. മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ<br>6. ബയോഗ്യാസ് പ്ലാന്റ്<br>7. ഗൈഡ് ലൈറ്റ്<br>8. ഫിഷ് മാർക്കറ്റുകൾ എന്നിവ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ഡി) ഈ പദ്ധതിക്കായി എന്തു തുക കേന്ദ്രസഹായമായി ലഭ്യമാകുമെന്ന് വെളിപ്പെടുത്തുമോ ? | (ഡി) കേന്ദ്രാവിഷ്കൃത പദ്ധതിയല്ലാത്തതിനാൽ നിലവിൽ കേന്ദ്രസഹായം ലഭിക്കുന്നില്ല. |

**Section Officer**

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: * 178 — 30.06.2008-ൽ മറുപടിയ്ക്ക്

**കോസ്റ്റൽ സോൺ റെഗുലേഷൻ നയം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി<br>ശ്രീ. എം. ഉമ്മർ | ശ്രീ.വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) കോസ്റ്റൽ സോൺ റഗുലേഷൻ (സി.ഇസഡ്.ആർ) സംബന്ധിച്ച് സംസ്ഥാന സർക്കാർ എന്തെങ്കിലും നിർദ്ദേശം കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ;<br><br>(ബി) ഇത് സംബന്ധിച്ച സർക്കാർ നയം എന്താണ്; വിശദാംശം വെളിപ്പെടുത്തുമോ? | (എ) യും (ബി) യും<br><br>സ്വാമിനാഥൻ കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ 1991-ലെ തീരദേശ പരിപാലന ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള കരട് വിജ്ഞാപനം കേന്ദ്ര സർക്കാർ 2008 മെയ് - 1 - ന് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വിജ്ഞാപനത്തിൻമേലുള്ള പരാതികളും നിർദ്ദേശങ്ങളും നൽകുവാൻ 30.6.2008 വരെ സമയമനുവദിച്ചിട്ടുണ്ട്. ഇതിൻമേൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട വകുപ്പു സെക്രട്ടറിമാരുടെ യോഗത്തിൽ വിവിധ വകുപ്പുകളുടെ അഭിപ്രായങ്ങൾ ശേഖരിച്ചിട്ടുണ്ട്. കരട് വിജ്ഞാപനത്തിൻമേൽ ബഹു. നിയമസഭാ സമാജികരുടെ ലഭ്യമായ അഭിപ്രായങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ചിട്ടുമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്. |

അണ്ടർ സെക്രട്ടറി

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പര്‍ - 179 — 30-6-2008ല്‍ മറുപടിക്ക്

## വിദേശ രാജ്യങ്ങളിലെ ജയിലുകളിലുള്ള മലയാളികള്‍

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത്<br>ശ്രീ. പി. തിലോത്തമന്‍<br>ശ്രീ. ബാബു പോള്‍<br>ശ്രീ. കെ. രാജു<br>ശ്രീ. വി.എസ്. സുനില്‍ കുമാര്‍ | ശ്രീ. വി.എസ്. അച്യുതാനന്ദന്‍<br>(മുഖ്യമന്ത്രി) |
| (എ) വിദേശ രാജ്യങ്ങളിലെ വിവിധ ജയിലുകളിലായി എത്ര മലയാളികള്‍ കഴിയുന്നുണ്ടെന്നുള്ള വിവരം വെളിപ്പെടുത്തുമോ ; | (എ) വിദേശ രാജ്യങ്ങളിലുള്ള ഭാരതീയരുടെ ഭാഷാടിസ്ഥാനത്തിലും സംസ്ഥാനാടിസ്ഥാനത്തിലുമുള്ള സ്ഥിതി വിവര കണക്കുകള്‍ അവിടങ്ങളിലെ ഇന്ത്യന്‍ എംബസ്സികള്‍ സൂക്ഷിക്കാറില്ല. അതിനാല്‍ വിദേശ രാജ്യങ്ങളിലെ ജയിലുകളില്‍ എത്ര കേരളീയരുണ്ടെന്ന കണക്കുകള്‍ ലഭ്യമല്ല. |
| (ബി) ഇവരെ മുഴുവന്‍ മോചിപ്പിച്ച് നാട്ടില്‍ എത്തിക്കുവാന്‍ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ ; | (ബി) വിവിധ തരത്തിലുള്ള കുറ്റകൃത്യങ്ങള്‍ക്ക് ശിക്ഷിക്കപ്പെട്ടും ശിക്ഷാവിധി കാത്തും ജയിലുകളില്‍ കഴിയുന്ന കേരളീയരെ അവര്‍ക്കെതിരെയുള്ള കേസ്സുകളുടെ തീര്‍പ്പാക്കല്‍ അനുസരിച്ചു മാത്രമേ മോചിപ്പിക്കുന്നതിനുവേണ്ട നടപടികള്‍ സ്വീകരിക്കുവാന്‍ കഴിയുകയുള്ളു. |

(സി) മോചന സാധ്യതയുള്ളവരെ മോചിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തുവരുന്നുണ്ടെന്ന് വിശദമാക്കുമോ ?

(സി) ജയിലിൽ കഴിയുന്നവരുടെ ബന്ധുക്കളിൽനിന്ന് ഇതുസംബന്ധിച്ച അപേക്ഷകൾ ലഭിക്കുമ്പോൾ അവ ബന്ധപ്പെട്ട ഇന്ത്യൻ എംബസികളുടെ ശ്രദ്ധയിൽപ്പെടുത്തുകയും, അവരുടെ മോചനത്തിനായി നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 180

30.6.2008-ൽ മറുപടിക്ക്

## മത്സ്യമേഖലയിലെ പ്രതിസന്ധി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ വി. കെ. ഇബ്രാഹിം കുഞ്ഞ്<br>ശ്രീ എം. ഉമ്മർ | ശ്രീ എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) മത്സ്യമേഖലയിലെ സബ്സിഡി സംബന്ധിച്ച ഡബ്ല്യൂ.ടി.ഒ യുടെ നിർദ്ദേശം കേന്ദ്രത്തിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച നയം എന്താണ്; വിശദാംശം വെളിപ്പെടുത്തുമോ? | ബി) സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ മത്സ്യമേഖല മറ്റു സംസ്ഥാനങ്ങളിലേതിൽ നിന്നും വ്യത്യസ്തമാണ്. ഈ മേഖലയിൽ രാജ്യത്തിന്റെ മൊത്തം വിദേശനാണ്യ വരവിൽ കേരളത്തിന്റെ സംഭാവന വളരെ വലുതാണ്. യൂറോപ്യൻ യൂണിയൻ നിഷ്കർഷിച്ചിരിക്കുന്ന വിധം സംസ്ഥാനത്തിലെ ഫിഷിംഗ് ഹാർബറുകളുടെ നവീകരണ പദ്ധതി. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പാക്കി വരികയാണ് ആഴക്കടൽ മത്സ്യസമ്പത്ത് ഇനിയും ചൂഷണം ചെയ്യാൻ സാധ്യതയുള്ളമേഖലയാണ്. അതിനാൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളേയും യന്ത്രവൽകൃത യാനങ്ങളെയും പ്രോത്സാഹിപ്പിക്കുന്ന നയമാണ് സംസ്ഥാന സർക്കാരിനുള്ളത്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനും ഇതാവശ്യമാണ്. രാജ്യത്ത് ആദ്യമായി മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ട് നിലവിൽ വന്നത് കേരളത്തിലാണ്. അതുപോലെതന്നെ മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനുള്ള മാസ്റ്റർ പ്ലാനും തയ്യാറായി വരികയാണ്. ഇക്കാരണങ്ങളാൽ നിലവിൽ നടന്നുവരുന്ന മത്സ്യമേഖലയിലെ വികസനാത്മകമായ പ്രവർത്തനങ്ങളെ WTO കരാറിലെ വ്യവസ്ഥകൾ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ അവ എതിർക്കപ്പെടേണ്ടതാണെന്നും മത്സ്യമേഖലയിലുള്ളവർക്ക് നൽകിവരുന്ന സബ്സിഡി തുടങ്ങിയ ആനുകൂല്യങ്ങൾ തുടരേണ്ടതാണെന്നുമുള്ള നയമാണ് സംസ്ഥാന സർക്കാരിനുള്ളത് ഇക്കാര്യങ്ങൾ ശക്തമായി കേന്ദ്ര സർക്കാരിനു മുന്നിൽ സംസ്ഥാനസർക്കാർ ഉന്നയിച്ചിട്ടുണ്ട് |

[signature]

സെക്ഷൻ ഓഫീസർ